अ

അഹം ബ്രഹ്മേതി നിശ്ചിത്യ
അഹംഭാവം പരിത്യജ

# ബോധാകാശ വിഹംഗ

പ്രസാധകർ:

**ശ്രീധരദേശം ട്രസ്റ്റ്**

ഗോവിന്ദമുട്ടം P. O., പുതുപ്പള്ളി.

കായംകുളം

ഓം

# ബോധാകാശ വിഹംഗ

പ്രസാധകർ:
ശ്രീധരദേശം ട്രസ്റ്റ്
ഗോവിന്ദമുട്ടം P. O., പുതുപ്പള്ളി,
കായംകുളം

Malayalam

BODHAKASA VIHANGA

Author:
SADHU SREEDHARAN

Published by
SREEDHARA DESAM TRUST
Govindamuttam. P.O.,
Puthuppally, Kayamkulam

Printed at:
A. B. Press,
Chengannur

Copies 500

Copyright Reserved
19-7-1995

Phone: 3465 Kayamkulam

## ശ്രീധരദേശം ട്രസ്റ്റ് പ്രസിദ്ധീകരണങ്ങൾ

### ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ

ശ്രീധരബോധ മനനം
ശ്രീധര പരിദേവനം
മഹാവാക്യപ്പൊരുൾ
വേദാന്തസരണി
ബാല ശ്രീധരം
ശ്രീധര ശ്രീധരം
അദ്വൈത ശ്രീധരം
വേദാന്ത ബോധസുധ
വേദ വേദാന്ത സമന്വയം
ആത്മസുധ
വേദാന്ത വിഹായസ്
ശ്രീധര വചനാമൃതം—ഭാഗം 1
ശ്രീധര വചനാമൃതം—ഭാഗം 2
ഉപനിഷത് ശ്രീധര പ്രകാരം
ശ്രീധര ബോധ കിരണം
ശ്രീധരന്റെ ബോധാവലോകനം
ശ്രീധരന്റെ വേദാന്ത ദർശനം
പ്രബോധ ശ്രീധരം
ശ്രീധരന്റെ ബോധസുധാകരം
ശ്രീധരന്റെ ദർശനത്തിലെ സമാധി വിശദീകരണങ്ങൾ
ശ്രീ ബോധാമൃതം

### മററു പ്രസിദ്ധീകരണങ്ങൾ

വിചാര സാഗരം
ഉത്തര ഗീത
അവധൂത ഗീത
ശ്രീ ഗോപാലഗീത
വേദാന്ത സാരം
രാമഗോപാലം
ശ്രീധരം



ഓം

ശ്രീഗുരവേനമഃ

# ബോധാകാശ വിഹംഗ

തനിക്കു സംഭവിച്ചു പോയെന്നു തോന്നും – ദിഗ്ഭ്രമം – മരുമരീചികാദർശനം – മുതലായ എല്ലാ വിഭ്രാന്തികളേയും, സംശയഭാവനാവിഹീനമായും, വിപരീതഭാവനാരഹിതമായും നിസ്സന്ദേഹമകററാൻ അപ്രകാരേണ പ്രവൎത്തിച്ചു ഫലമായ്ഭവിച്ച മഹാപുരുഷൻെറ സംഗമം അഥവാ തീൎത്ഥപാദൻെറ സംഗമം ആവശ്യമെന്നതു് സമ്മതം തന്നെ എന്നിരിക്കേ അതിൻെറ ന്യായമറികയും സമ്മതമാണു്.

ഉന്നത വിഹായസ്സിൽ പരിഭ്രാന്തിജന്യമായ നഭസ്സിൽ ശൂന്യം തെളിഞ്ഞും നില്ക്കുമാകാശേ ആരെങ്ങനെ ഏതിനെ കണ്ടെത്തുമെന്നപോലും കണ്ടെത്താൻ പരസഹായം വേണമെന്നിരിക്കേ ഈ ബോധാകാശ വിഹംഗത്തെ കണ്ടെത്താതെ ഇരുട്ടിൽ തപ്പിയാൽ കാണുന്നവാറെങ്ങനെ.

ഈ ശൂന്യാകാശത്തിൽ നീലപ്രകാശപ്രതിഭ പരത്തി മനുഷ്യമസ്തിഷ്കത്തിനു് ഇതു പൎയ്യന്തം ഉത്തരം മുട്ടി

ച്ചിട്ട് ഒന്നും ആരും ചെയ്യാനില്ലാതിരിക്കേ അതിനെ ഒക്കെ അത്ഭുതപ്പെടുത്തുമാറ് അതിശയിപ്പിക്കുന്ന ഈ ബൃഹത്ലോകത്തെ ആക്കി. നിലനിർത്തി, സംരക്ഷിച്ച് അതിനു് ന്യായാന്യായങ്ങളും കാട്ടി, പ്രശോഭിപ്പിച്ചു കാട്ടി വിലസും, മായയെ ധ്വംസിക്കാൻ മായ എന്നൊന്നില്ലെന്നുള്ളതുമോർക്കണം. ചലിക്കുന്ന തൻെറ നിഴലിനെ തല്ലിക്കൊല്ലാൻ ശ്രമിക്കും കുഞ്ഞിനു സമാനം ആകാത്തതല്ലേ നന്നു്.

ഉണ്ടെന്നുറപ്പായി കാട്ടി, ലോകത്തെ കരുക്കളില്ലാതെസൃഷ്ടിച്ച് നിലനിർത്തി ശാസ്ത്രവും ശാസ്ത്രോപശാഖകളും പടുത്തു് അവകളെ വേണ്ടപോലെ സംരക്ഷിച്ച് സർവസമ്മതമാക്കികാട്ടി ശൂന്യോപമാന വിഹായസ്സായും പ്രശോഭിച്ച പരിലസിക്കും മായയെ മനസോ ബുദ്ധിയോ കൊണ്ടധീനയാക്കിക്കളയാമെന്നു് കാണും. ബുദ്ധിക്കാണ് ശൂന്യബുദ്ധിയെന്ന പേരു് ഇല്ലാ ബുദ്ധി. ഒരു കൺകെട്ടുകാരൻെറ മായാപ്രയോഗമോ ഒരിന്ദ്രജാലക്കാരൻെറ ഇന്ദ്രജാലമോ പോലും പരസഹായമോ പുസ്തകശ്രുപേണയുള്ള പരസഹായമോക്കൂടാതെ സ്വയമാവിർഭവിപ്പിക്കാൻ കഴിവില്ലെന്നിരിക്കേ സ്വയസൃഷ്ടിസാദ്ധ്യമല്ലെന്നിരിക്കേ ഈ മഹാമായയെ പുച്ഛിച്ചുതള്ളിനിസ്സാരമെന്നു പറക അന്തസ്സാരശൂന്യത അല്ലാതെന്താണ്, മാവിൽ ജനിച്ച മാങ്ങയിൽ നിന്നോ മാവിൽ നിന്നോ അല്ലാതെ മാവ് സംജാതമാക്കാൻ കഴിയാത്ത മാനവൻ മായയെ ജയിച്ചു കാട്ടി ആത്മാകാട്ടാൻ കഴിയും മഹാത്മാസഹകരണമില്ലാതെ ആത്മസംരക്ഷണമെങ്ങനെ നിർവഹിക്കും. മാട്ടിനു് മാട്ടിൻെറ ബീജവും മാനവനു് മാനവബീജസമ്പത്തിയുമില്ലാതെ വർഗ്ഗസംരക്ഷണം സാദ്ധ്യമല്ലെന്നിരിക്കെ മഹാപുരുഷസംഗമം കൂടാതെ

ആത്മാനുഭവമെങ്ങനെ കണ്ടെത്തും. ആകയാലതാവശ്യം തന്നെ. മായ അന്തവതി എന്നറയ്ക്കാൻ പ്രയാസത്തെ ചെയ്തുകൊണ്ടാണ് ആ ശക്തി സ്വശക്തമായി നിലകൊള്ളുന്നത്. സ്വച്ഛനിർമ്മലനീലമായ സൂര്യനേ ആവരണം ചെയ്തു അന്യഥാ ആക്കിക്കാട്ടുകയാണ് അതിൻേറതായ പ്രകാശമായിട്ടും ചെയ്യുന്നത്. ബ്രഹ്മത്തിൽ കണ്ടെത്തും ശക്തി എന്നറിയപ്പെടും മായ ബ്രഹ്മത്തെ ആകമാനം മറച്ച് പ്രപഞ്ചരൂപമാക്കി ജഗത്തായിഭാസിച്ച് മറേറതോ ആക്കികാട്ടിയിരിക്കയാണ്. ഇവയേ എല്ലാം ഭേദിച്ച് ബ്രഹ്മം ബോധ്യപ്പെടുത്തലത്രേ മഹത് പ്രവർത്തനം. ജിജ്ഞാസു അറിയാത്ത ഒരു സത്യം വെളിപ്പെടുത്താൻ ശ്രമിക്കാം. മഹത് പ്രവർത്തനത്തിൽ പെടുത്തേണ്ട ബോധവിശേഷത്തിൽ പെടുത്തിയാൽ മതി—

'മായയിൽ പ്രതിബിംബിതനീശ്വരൻ
മായയ്ക്കൊട്ടു മധീനനല്ലായവൻ.
അവിദ്യയിൽ പ്രതിബിംബിതൻ
ആത്മവാനസ്വതന്ത്രനായ് കാണുന്നു'— സർവദാ,

ഈ അവസ്ഥാന്തരം ഉണ്ടാവതെങ്ങനെ, പരിഹാരമെങ്ങനെ. ഇവയെല്ലാമാണ് ചിന്തനീയങ്ങളും പരിഹൃതമാകേണ്ടതുമായ വിഷയങ്ങൾ. ഒരിടത്തു് മായാതീതനായി സർവ്വതന്ത്രസ്വതന്ത്രനായും ഒരിടത്തു് ആത്മാ അസ്വതന്ത്രനായി സർവ്വബന്ധപരതന്ത്രനായും കാണുന്നതിൻെറ വൈപരീത്യത എങ്ങനെ വന്നുകൂടി. ഈശ്വരാത്മാക്കൾ വിഭജിക്കപ്പെട്ടോ. ഇവയെല്ലാം വ്യക്തം അറിയേണ്ടേ. സാഗരത്തിൽപ്രതിബിംബിതൻസൂര്യൻ സാഗരത്താലേ ബന്ധനല്ലൊരിക്കലും ദേഹസാഗരേ പ്രതിബിംബിതനാത്മവാൻ ബന്ധനായി ഭവിച്ചീടുന്ന

തെങ്ങിനെ. ഇവിടമെല്ലാമറിഞ്ഞവൻ തെളിച്ചുവിടണ്ടേ. വേദാന്തിയേ സംബന്ധിച്ചായാലും മോക്ഷേച്ഛുവിനെ സംബന്ധിച്ചായാലും ഇതു് ഏററവും കാതലായ വിഷയമാണു്.

ബ്രഹ്മം – ആത്മാ, ഈശ്വരൻ – ജീവൻ, ഇങ്ങനെ രണ്ടുവിഭാഗമറിയപ്പെടുന്നു. ഇതിൽ ഈശ്വരനെ ആരോരക്ഷിച്ചുനിർത്തിയിരിക്കുന്നതായിട്ടാണു് ശാസ്ത്രക്കരുതൽ, എന്നാൽ ജീവൻ തനി അനാഥവുമാണു്. ബ്രഹ്മത്തേയുമാത്മാവിനേയുമെടുത്താൽ രണ്ടും സർവതന്ത്രസ്വതന്ത്രന്മാരാണു്. പ്രതിബിംബഭാവമൊന്നും അവിടെ കാണാനിനില്ല. ഇവിടെല്ലാം വിസ്തരിച്ചറിഞ്ഞിരിക്കണം. ബ്രഹ്മവും ആത്മാവും ഒന്നു് എന്ന നിലയിൽ പറയുന്നുണ്ടു് ശാസ്ത്രസമ്മതവുമുണ്ടു്. എന്നാൽ പിന്നെന്തിനീ രണ്ടു്. അതു് പലവിധവല്ലായ്മയ്ക്കും പരിഹാരം കണ്ടെത്താൻ ഉതകിയേക്കാം. ആകകൊണ്ടു് ഇവകാം പരിശോധിച്ചു് പഠിക്കാം. 'അഹം ബ്രഹ്മാസ്മി' ഇവിടെ അഹം ആത്മസ്ഥാനത്തുനില്ക്കുകയാണു്. അതു് ബ്രഹ്മമെന്നു്, ഉറപ്പിക്കുന്നു. പിന്നൊന്നു് 'അയമാത്മാബ്രഹ്മ'. ഇവിടെ ഈ ആത്മാ എന്നതു് അഹമായതന്നെത്തന്നെ ആത്മസ്ഥാനത്തു കുറിക്കുന്നു. 'തത്ത്വം അസി'. അതു് നീ ആകുന്നു. ഇവിടെ തത് എന്ന വിവരണാതീത വസ്തുതത്വം നീ തന്നെയാകുന്നു എന്നു പഠിപ്പിക്കുന്നു. അത്യന്തം ശ്രദ്ധേയമായ മഹേശ്വരവാദമുടലെടുക്കുന്നുണ്ടു്. അതും നാം പഠിക്കുന്നതു് നന്നുതന്നെ. തത് വിവരണാതീത വസ്തുതത്വമാണു്, താനെന്നു പറയുന്നതിൽ പിടിച്ചു പററിനില്ക്കും. അവ്യക്തത മാററുന്നതിനാണു് ത്വമ്മിനെ പ്രധാനമാക്കി വിവരണശാസ്ത്രമൊരുക്കുന്നതു്. ഇവിടെ അവ്യക്തമായ തത് ഇവിടെ അനുഭവവേദ്യതയാലംഗീ

കരിക്കപ്പെട്ട 'ത്വം' എന്നു പൂരണം ചെയ്തുകാട്ടി 'ത്വ' മിനെ തത്തിലാവിഷ്കരിക്കപ്പെടുകയാണ്. സ്വല്പം കൂടിവിവരിക്കാം 'തത്' എന്നതു് വിവരണാതീത ബ്രഹ്മതത്വമാണ്. എന്നാൽ വിവരണാതീതത്തെ അറിയുക സാദ്ധ്യമല്ലല്ലോ എന്നു കരുതി തള്ളരുതെന്നു വച്ചാണ് 'ത്വം'എന്ന അനുഭവവേദ്യമായ തന്നെ തന്നെ ആക്കികാട്ടി വിവരണാതീതത്തെ 'ത്വം' എന്ന അനുഭവവേദ്യവസ്തുതത്വത്തിൽ ബന്ധിച്ചുനിർത്തി അതു നീ ആകുന്നുവെന്നാക്കികാട്ടി വിവരണാതീതത്തെ പാട്ടിലാക്കലാണ്, മഹേശ്വരസിദ്ധാന്തം ചെയ്യുന്നതു്. അതാ ഇവിടെ നീ എന്നതുമാത്രം മഹാവാക്യപ്പൊരുളാക്കി വ്യക്തമാക്കി അനുഭവസിദ്ധമാക്കുന്നു. 'പ്രജ്ഞാനം ബ്രഹ്മ' എന്നാണിതിലെ വാക്യം. ഇതു് ഋഗ്വേദത്തിന്റെ അന്തഃസത്തയെ പുലർത്തിനിറുത്തുമാറ് മഹത്വമേറിയതാണ്. ഈ ലോകത്തുള്ള സർവചരാചരങ്ങളേയുമടക്കട്ടെക്കായികാട്ടി അപ്രകാരേണയുള്ള നാനാലോകവും അതിലെ വിവിധങ്ങളായ വസ്തുതത്വവും ആകമാനവും സർവജീവികളും പ്രജ്ഞാനേത്രങ്ങളെന്നാണു വിവരിക്കുന്നതു്. ഇതിനെ ഞാനൊന്നുകൂടി ഉദാഹരണസഹിതം വിവരിക്കാൻ ശ്രമിക്കാം. രഘുവംശകാവ്യത്തിൽ രഘുവിന്റെ ഗാത്രവിവരണം നല്കും. വേളയിൽ രഘുവിന്റെ ഗാത്രം ഒരു നേത്രമതായ് ചമഞ്ഞുഎന്നു പ്രയോഗിച്ചിട്ടുണ്ടു്. ആയപോലെഈ നാനാലോകങ്ങളും അതിലെ വസ്തുതത്വങ്ങളാകമാനവും പ്രജ്ഞാനമെന്ന ബോധബ്രഹ്മത്തിനു് ഒരു നേത്രസമാനം എന്നല്ല ഒരു നേത്രംതന്നെ ആയാണ് ശ്രുതി വിവരിക്കുന്നതു്. സർവംതത്പ്രജ്ഞാനേത്ര അതായതു് ശ്രീരഘുവിന്റെ ശരീരം തന്റെ രാജ്യത്തേയും രാജ്യവാസികളേയും അറിയുന്നതിനും തദ്വാരാ പ്രവർത്തിക്കുന്നതിനും നേത്രസമാന ഉപകരണമായി തീർന്നിരുന്നു എന്ന

പോലെ ലോകവും അതിലെ ചരാചരങ്ങളും ജീവജാല മഖിലവും പ്രജ്ഞയുടെ നേത്രംതന്നെ ആണ്. 'സർവം ഹേതത്പ്രജ്ഞാനേത്രം' പ്രജ്ഞാനേപ്രതിഷ്ഠിതം പ്രജ്ഞാനത്തിൽ സ്ഥിരമായുറപ്പിക്കപ്പെട്ടതു് എന്ന നിലയിൽഅറിയപ്പെടുന്നു. 'പ്രജ്ഞാനേത്രംലോകാ' പ്രജ്ഞാനത്തിനു് കണ്ണായതാണു് ലോകം. 'പ്രജ്ഞാപ്രതിഷ്ഠം' പ്രജ്ഞയിലുറപ്പിക്കപ്പെട്ടതാണു് ഇപ്രകാരേണയുള്ള ഈ പ്രജ്ഞാനം ബ്രഹ്മംതന്നെ ആണു്.

'സംജ്ഞാനം, അജ്ഞാനം, വിജ്ഞാനം, പ്രജ്ഞാനം, മേധാ, ദൃഷ്ടി, ധൃതി, മ്മതി, മ്മനീഷാ, ജ്ജൂതിഃ സ്മൃതിഃ, സങ്കല്പ, ക്രതുരസഃ, കാമോ, വശജതി, സർവാണ്യേതാനിപ്രജ്ഞാനസ്യ നാമധേയാനി ഭവന്തി' (ഉപനിഷത്) സാരം വ്യക്തമാകകൊണ്ടു് പറയുന്നില്ല.

രാത്രിയും നിദ്രയും വളരെ അടുത്തകയ്യാണു്. നിദ്രക്കാരും രാത്രി ആഗ്രഹിക്കാറുണ്ടു്. രണ്ടിനും ഏകീഭാവമേറെ ഉണ്ടല്ലോ. നിദ്രയുടെ ഒരു സചിവനാണു രാത്രി. സുഷുപ്തി മനുഷ്യരാശിയുടെ ഒരതിപ്രധാനഭാഗമാണു്. ഇവിടെ മായ വളരെ കുറച്ചുമാത്രമേ പ്രവർത്ത്യോന്മുഖമാകുന്നുള്ളു. അതായതു് അറിവിനെ അഭാവത്തിൽ കാട്ടിയിരിക്കുകയാണു്. ഇതിനെ നിങ്ങൾക്കു ഞാനല്പം വിവരിച്ചുതരാം. നിദ്രയിൽ ആത്മാ ഏകത്വം കണ്ടെത്തുന്നു എന്നു വരുന്നതു പോലും ആത്മാവിൻെറ സ്വതസിദ്ധമായ അരൂപഭാവത്തിൽ മാത്രമാണു്. അവിടെ കാണലില്ല, ആ മായാഭാവം അവിടെ ഇല്ല. എന്നാൽ സുഷുപ്തിയിലെ ചില വിശേഷതകൾ ഞാൻ നിങ്ങൾക്കു കാട്ടിത്തരാം.

ഇരുളടഞ്ഞമേഘാവലി പ്രകാശം ഉൾക്കൊള്ളുന്നുണ്ട്. വെളിച്ചവും കൊല്ല്യാനും അതുപോലെ അത്യുജ്ജ്വല പ്രകാശവും അതിലുണ്ടെന്നു നമുക്കു ബോദ്ധ്യമാണല്ലോ. അതുപോലെ ഊർജ്ജവും അതിലുണ്ടെന്നു കാണാൻ കഴിയും. മഴ പെയ്യുക എന്നാൽ അമൃതം ചുവുകതന്നെ ആണ്. ജലം അമൃതം അമൃതോപമയെന്നു പറയുന്നുമുണ്ട്. അതായതു് എല്ലാ ജീവജാലങ്ങളുടേയും രക്ഷണവും നിലനില്പുമുറപ്പാക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുകകൊണ്ട് അമൃതം. അമൃതോപമമായ ജലം അതു വഹിക്കുന്നുണ്ടെന്നു നമുക്കേവർക്കുമറിയാമല്ലോ. ആയപോലെ ഇരുളടഞ്ഞനിദ്ര അതിനുള്ള അമൃതവും, ആനന്ദവും, ബോധവുമുൾക്കൊള്ളുന്നുണ്ട്. പല ദുരിതനിവാരണത്തിനും കാരണമായും തീരുന്നുണ്ട്. ഇപ്രകാരേണയുള്ള സുഷുപ്തിബോധവാഹകൻകൂടി ആവുക ഒരത്ഭുതം തന്നെ ആണ്.

ജാഗ്രത്തിൽ മായ വളരെ അധികമാണ്. കരകയറാൻ വിദ്യാമായയേ ഏൽപ്പിച്ചിരിക്കയാണ്. ആ പുരുഷനറിയുന്നതും പഠിക്കുന്നതും മായാജന്യലോകത്തേയും അതനുഭവിക്കും പുരുഷനേയുമാണ്. അതുപോലെ ഈശ്വരസൃഷ്ടി ലോകത്തെ മാററിനിറുത്തിയിട്ട് വാസനാജന്യലോകഭോഗം കൊടുത്തുനിറുത്തുകയാണ് സ്വപ്നം. ഈ രണ്ടിനും വേണ്ടുവോളം മായയുണ്ടല്ലോ. ജാഗ്രത്തുലോകം ഈശ്വരസൃഷ്ടമെന്നു പരക്കേ സമ്മതമെങ്കിൽ സ്വപ്നലോകം കേവലപുരുഷസൃഷ്ടമെന്നും സമ്മതിക്കുന്നുണ്ട്.

സുഷുപ്തപുരുഷനിലെ മായാപ്രാബല്യം എങ്ങനെ എത്രമാത്രം എന്നൊന്നു കണ്ടെത്താൻ ശ്രമിക്കാം.

വിശ്വവിലക്ഷണമത്രേ ബ്രഹ്മം. വിശ്വംതന്നിമായാ പ്രണീതമാണ്. സുഷുപ്തൻ സ്വല്പം വ്യത്യസ്തൻ തന്നെ ആണ്. സുഷുപ്തൻ ആനന്ദഭുക്കാണ്. ബോധവാഹിയുമാണ്. ആനന്ദത്തെ അറികകൊണ്ട്, എന്നാൽ സുഷുപ്തനിൽ അറിവുണ്ടെന്നറിയുന്നമുണ്ട്. പക്ഷേ അറിയുന്നതായറിയുന്നമില്ലെന്നുമാത്രം. ഇതവ്യക്തത്തിൽ നിരങ്ങലാണെന്ന കരുതരുത്. അതങ്ങനല്ല, ഉദാഹരണം കാട്ടാം, അനുഭവംതന്നെ കാട്ടാം. എന്റെ ബാല്യത്തിൽ മാതാപിതാക്കന്മാരുടെ ഏതോ വചസുകരം ബദ്ധശ്രദ്ധനായി കേട്ടകൊണ്ടുനില്ക്കെ പെട്ടെന്നെന്റെ ബോധം കൈവിട്ടു. അപ്പോൾ ഞാനറിയുന്നുണ്ട് ഞാൻ ബോധക്കേടുബാധിച്ചനിലയിലാണെന്ന്. ഇതറിയും ഞാൻപറഞ്ഞു ആരും ഭയപ്പെടേണ്ടാ, കുഴപ്പമില്ല എന്ന്. അവിടിരുന്നവൎക്ക ധൈര്യം വരാൻവേണ്ടി വ്യക്തം പറകതന്നെ ചെയ്തു. മറിയുന്ന ഞാൻ കൈ നിലത്തുകുത്തുംമുമ്പ് എല്ലാവരും താങ്ങി. താങ്ങിയതും ഞാനറിയുന്നുണ്ട്. ഇങ്ങനെ ബോധേബോധംതന്നെ പലവിധേന അറിയപ്പെടുന്നുണ്ട്. ഇങ്ങനെ ബോധത്തെ തന്നെ വിവിധ തരത്തിൽകൈകാര്യംചെയ്യും സുഷുപ്തൻഭീമമായ ഒരുതെററു ചെയ്യുന്നുണ്ട്- അതായത് ഏററവും കുറഞ്ഞ ചുമടുതാങ്ങിയായ സുഷുപ്തൻ ചുമക്കുന്നത് സർവലോകസ്രഷ്ടാവായ മനസിനെയാണ്. അതിന്റെ ബീജാങ്കുരമുള്ളിലൊതുക്കി വെളിക്കുചാടാനുള്ള ത്വരയോടെ കാത്തിരിക്കും മനസാം ഭൂതത്തിനെ ആണ്. ആകകൊണ്ട് ഇവൻ സർവലോകകാരണനാകകൊണ്ട് സ്രഷ്ടാവുമാണ്.

ഇനിയും മറെറാരു നിലയം കാണാം.

''ഓമിത്യേദക്ഷരമിദം സർവം ... ... ...,
... ... ... .... ... ... ... ... ...
സർവം ഹ്യേതത് ബ്രഹ്മ അയമാത്മബ്രഹ്മ.

ഇതുപനിഷദ് സംഭാവനയാണ്. ഇതുപോലെ നാമറിയേണ്ടും മറെറാന്നുണ്ട്.

ഇതു് ''പ്രാണോ ബ്രഹ്മ കംബ്രഹ്മ ഖം ബ്രഹ്മമെന്നതാണ്. ഇവകൾ കാതലായ രണ്ടു വിഷയങ്ങളാണ്; ഇവയേ നമുക്കൊന്നായി വിശകലനം ചെയ്തു പഠിക്കാം. ഓം എന്നതു് ശബ്ദബീജമായ ആകാശഗുണമാണ്. ആ അക്ഷരം സർവവുമാണെന്നു പറഞ്ഞാൽ സർവലോക ചരാചരങ്ങളും ഉൾക്കൊള്ളുന്നതാണ് എന്നുതന്നെ അറിയണം. ഇതു് ബ്രഹ്മവുമാണ്. ഇതു് ശ്രുതികാട്ടിത്തന്നു വല്ലോ. അടുത്തതു് പ്രാണനെ പുരസ്സരിച്ചുള്ളതാണ്. പ്രാണോ ബ്രഹ്മ–പ്രാണൻ ബ്രഹ്മമാണ്. കം ബ്രഹ്മ– ആനന്ദം ബ്രഹ്മമാണ്''. ഖം ബ്രഹ്മ ആകാശം ബ്രഹ്മമാണ് എന്നതുകളാണ്. ഇതിൽ പറയും കാര്യങ്ങൾ നല്ലതിൻ വണ്ണം ചിന്തചെയ്യണം. ഞാൻ ഞാനറിയുംപോലെ അറിഞ്ഞതു പറയാം. ആകാശം പഞ്ചഭൂതങ്ങളിലൊന്നും, അതിപ്രധാനന്മമാണ്. ആകാശത്തിന്റെ ഗുണമായി ഭവിച്ചിരിക്കും വസ്തുതത്വമാണ് ശബ്ദം. ഇതാകാശത്തേക്കാൾ സൂക്ഷ്മവും പ്രധാനവുമാണ്. എന്നാൽ ശബ്ദത്തേയും ആകാശത്തേയും നിഷേധിച്ചാണ് ബ്രഹ്മലക്ഷണം പറഞ്ഞുകാണുന്നതു്. ശബ്ദഗുണകമാകാശം നിശബ്ദംബ്രഹ്മലക്ഷണം എന്നാണ് ശ്രുതികാട്ടുന്നതു്. ഇവിടമെങ്ങനെ അറിഞ്ഞു നിലകൊള്ളണമെന്നതാണ് ജിജ്ഞാസുവിന്റെ ധർമ്മം. അതുകാട്ടാൻ ശ്രമിക്കുന്നതു് ശ്രദ്ധയാ കേൾക്കുക. ശബ്ദഗുണമാകുമാകാശത്തിലെ ശബ്ദം പോലും ബ്രഹ്മമാകുന്നില്ല. ശബ്ദമടങ്ങും നിലയത്രേ ബ്രഹ്മനില. ഇങ്ങനെ ആകാശത്തേയും ശബ്ദത്തേയും നിരാകരിച്ചാണ് ബ്രഹ്മത്തിന്റെ സ്വഭാവം.

ആ ബ്രഹ്മസ്വഭാവത്തെ അല്പമാക്കിക്കൊണ്ടാണ് സാധാരണ നിഗമനം. അതുപോരാ അതിൻ കാരണവും അറിയണം.

1. 'ഹരി ഓം—ഓമിത്യേദക്ഷരമിദം സർവം തസ്യോപവ്യാഖ്യാനം ഭൂതം ഭവത്ഭവിഷ്യ ദിതി സർവമോങ്കാര ഏവയച്ചാന്യത് ത്രികാലാതീതം തദപ്യോങ്കാര ഏവ.''

2. ''സർവം ഹ്യേതദ്ബ്രഹ്മ അയമാത്മാബ്രഹ്മ, സോയമാത്മാ ചതുഷ്പാത്.''

6. ''ഏഷ സർവേശ്വര, ഏഷ സർവജ്ഞ ഏഷോന്തര്യാമേഷ യോനി സർവസ്യ പ്രഭവപ്യയൗഹിഭൂതാനാം.''

ഈ മന്ത്രങ്ങൾ അതിപ്രധാനമായവയാണ്. പരമപ്രധാനമായ അഥർവവേദത്തിലെ 'അയമാത്മാ ബ്രഹ്മ' എന്ന മഹാവാക്യപ്പൊരുളിനെ പ്രകാശിപ്പിക്കുന്ന ആത്മസ്രോതസ്സായി നിലകൊള്ളും അമൃതകുസുമങ്ങളാണിവ. യാതൊന്നിൽ നിന്നുമാണോ ഇക്കാണും പ്രപഞ്ചമാകമാനവും മുമ്പുണ്ടായിരുന്നതും മേലിൽ വരാവുന്നതുമായ സർവവും മാത്രമല്ലാ ത്രികാലാതീതമായി വല്ലതുമവശേഷിക്കുന്നുവെങ്കിൽഅതുംഉണ്ടായിരിക്കുന്നതായ എല്ലാമെല്ലാമീ ഓങ്കാരത്തിൽ നിന്നുമാണ്. അപ്രകാരേണയുള്ള അതു് ബ്രഹ്മമാണ്. ഈ ആത്മാ ബ്രഹ്മമാണ്. ഇപ്രകാരമുള്ളയിതു് ചതുർവിധ ബോധസ്രോതസ്സുകളോടൊത്തതാണ്. അപ്രകാരമുള്ള അതു് സർവേശ്വരനാണ് അതു് സർവജ്ഞനാണ്. അതന്തര്യാമിയാണ്. അതു് സർവ

ത്തിൻെറയും ഉത്ഭവസ്ഥാനമാണ്. പ്രഭവവും പ്രയൗ-ലയസ്ഥാനവുമാണ്. ഇതിനെ കുറേക്കൂടിവിവരിക്കാൻ ശ്രമിച്ചുകൊള്ളട്ടേ. യാതൊന്നിൽ നിന്നുമാണോ ഈ കാണും പ്രപഞ്ചമാകമാനവും അതായത്തു് ജാഗ്രത്തിലറിയപ്പെടും സർവലോകവും, ജാഗ്രത്തിൻെറ ബോധസ്രോതസ്സും ആയപോലെ സ്വപ്നേ കണ്ടെത്തും തേജോലോകവും അന്തഃപ്രജ്ഞാവസ്ഥയും അതിൻബോധ ഉറവിടവും. ഏകീഭൂതമായി, അനന്തമായി, ആനന്ദമയനായി അവ്യക്തനായി ഒരു തിരിച്ചറിയലിനും വിധേയനാവാത്തവനായി പരിലസിക്കും ബോധനികേതനമാണ് സുഷുപ്തപദത്താലലംകൃതമാക്കപ്പെട്ടിരിക്കുന്നതു്. ഈ ബോധനികേതനം മൂന്നാം പദമായും, നാലാമനായ തുരീയനാകട്ടെ ഇവയേ എല്ലാററിനേയും ഉൾക്കൊള്ളും ബോധവിഹായസ്സായും, തൻേറതായ തനി പ്രതിഭ സുവ്യക്തം കാട്ടിയും പ്രശോഭിക്കുമിടമാണ്. ഇതിലെ ആദ്യ മൂന്നുബോധസ്രോതസ്സുകരം അഥവാ ബോധവിഹായസ്സുകരം നമുക്കു ബോധേപിടിമുറുക്കുവാൻ ശ്രുതി നമ്മുടെ മുമ്പിലവതരിപ്പിച്ചിരിക്കുകയാണ്. എന്നാൽ നാലാമൻ ഇവരിൽ നിന്നും വളരെ വിഭിന്നനാണ്. യാതൊരുവാതൽ തുറക്കുമ്പോഴാണോ പ്രകാശോജ്ജ്വലമായ അനന്തമായ ആദ്യന്തിക പ്രഭ അളവററിയപ്പെടുന്നതു്, ആ അത്ഭുതാവഹമായ ബ്രഹ്മം അഥവാ ആത്മബോധസ്രോതസ് താനായറിയപ്പെടുന്നതു് അതത്രേ തുരീയമെന്ന നാലാം പദം.

ഏകമേവാദ്വിതീയ ബ്രഹ്മ എന്നു് തിളങ്ങി മററു മൂന്നിനേയും തൻേറതാക്കി താനായി നിലകൊള്ളും ബോധവിഹായസ്സായി ബോധാൽ വ്യക്തം കാട്ടി പ്രശോഭിക്കും നികേതനമത്രേ മുക്തിപദമായ തുരീയൻ.

ഇങ്ങനെ പഞ്ചഭൂതങ്ങളിൽ അതിപ്രധാനനായ ആകാശത്തിനു് അതിന്റെ അതിപ്രധാന ശബ്ദാങ്കുരമായ ഓങ്കാരം ആത്മവാനെ ബോധത്തിൽ സ്ഥിരപ്രതിഷ്ഠനാക്കി ബൃഹത്താം ബ്രഹ്മമാണെന്നറിയിച്ചു് മോചനത്തെ ചെയ്യുന്നതായി ശ്രുതിമുഖത്തിൽ നിന്നും നാമറിയുന്നു. ഇതുപോലൊരു സൂചന വായുപക്ഷത്തിലും കാട്ടിത്തരുന്നുണ്ടു്. ഇതുനാം സുവ്യക്തം പഠിക്കണം. 'പ്രാണോ ബ്രഹ്മാ കം ബ്രഹ്മ, ഖം ബ്രഹ്മേതി' ഇതും നാം സുവ്യക്തം പഠിക്കണം. ഇതു് പ്രസിദ്ധ സാമവേദത്തിലെ ചാന്ദോഗ്യോപനിഷത്തിലെ നാലാമദ്ധ്യായം എട്ടാം ഖണ്ഡത്തിലെ നാലാം മന്ത്രത്തിലാണു്. ഇതു് വിട്ടുവിടാലക്ഷണമാഗ്ഗേണയാണു് വിവരിക്കപ്പെട്ടുകാണുന്നതു്. ആകയാലതുനന്നായി തന്നെ പഠിക്കണം.

'പ്രാണോ ബ്രഹ്മ കം ബ്രഹ്മ ഖം ബ്രഹ്മേതി' ഇതു പറയും ശ്രുതിതന്നെയാണു് — 'ന പ്രാണേനാപാനേന മർത്ത്യോജീവതി കശ്ചന, ഇതരേണതു ജീവന്തിയസ്മിന്നേതാവുപാശ്രിതാ' ഈ മന്ത്രവും പറയുന്നതു്.

ബ്രഹ്മം പ്രാണനാണെന്നു കാട്ടലല്ലാ അഥവാ പ്രാണൻബ്രഹ്മമാണെന്നു കാട്ടലല്ലാദ്യോതിപ്പിക്കുന്നതു് മറേറതോ ചൈതന്യമാണു് ബ്രഹ്മമെന്നത്രേ, ഇവരണ്ടിനേയും ഞാനല്പം കൂടി വിവരിക്കാം. ഇവിടെ ആകാശഗുണമായ ശബ്ദം അതിന്റെ ബീജംതന്നെ ആയ ഓങ്കാരത്തേ 'ഓമിത്യേദക്ഷരമിദം സർവം തസ്യോപവ്യാഖ്യാനം ഭൂതംഭവത്ഭവിഷ്യതിതി സർവമോങ്കാര ഏവ എച്ചാന്യത് ത്രികാലാതീതം തതപ്യോങ്കാര ഏവ സർവം ഹ്യേതത് ബ്രഹ്മ അയമാത്മാ ബ്രഹ്മ' എന്നു കാട്ടിതന്നിട്ടു് —

''അമാത്രം ശബ്ദരഹിതം
സ്വരവ്യഞ്ജനവജ്ജിതം

1. ബിന്ദുനാദകലാതീതം
യസ്തം വേദസവേദവിത്'' [ഉത്തരഗീത]

2. ജ്ഞാനാമൃതേന തൃപ്തസ്യ
കൃത കൃത്യസ്യ യോഗിന
നചാസ്തി കിഞ്ചിത് കത്തവ്യ
മസ്തിചേന്ന സ തത്വവിത്

3. തൈലധാരാമിവാച്ഛിന്നം
ദീഘ്ഘണ്ഡ നിനാദവത്
അവാച്യം പ്രണവസ്യഗ്രം
യസ്തം വേദസ വേദവിത്

4. തിലമദ്ധ്യേ യഥാ തൈലം
ക്ഷീര മദ്ധ്യേ യഥാഘൃതം
പുഷ്പമദ്ധ്യേ യഥാഗന്ധം
ഫലമദ്ധ്യേ യഥാരസഃ
കാഷ്ഠാഗ്നിവത് പ്രകാശത
ആകാശേ വായുവത്ചരേത്.''

ഉത്തരഗീതയിലെ ഈ മന്ത്രങ്ങരം വളരെ പ്രധാനങ്ങളാണ് ഇവ ഓരോന്നും നമുക്ക വ്യക്തം പഠിക്കണം.

1 അ മാത്രം മാത്ര ഇല്ലാത്തതും ശബ്ദമില്ലാത്തതും സ്വരവ്യഞ്ജനങ്ങളെ വജ്ജിച്ചിരിക്കുന്നതും ബിന്ദുവിനും നാദത്തിനും കലകരംക്കമതീതമായി നില കൊള്ളുന്നതുമെന്നിങ്ങനെ ആരറിയുന്നുവോ അവൻ വേദത്തെഅറിയുന്നവൻ തന്നെ ആണ്.

2. ബോധാമൃതേ തൃപ്തനായി കൃതകൃത്യനായി ഭവിച്ച യോഗിവര്യൻ തനിക്ക കർത്തവ്യമായി ഒന്നും ഒട്ടും അല്പംപോലും അവശേഷിക്കന്നില്ലെന്നു് അറിഞ്ഞ വൻ തത്വവിത്തുതന്നെ ആണു്.

3. ഇടമുറിയാതെ ഒഴിക്കപ്പെട്ടും തൈലം തുള്ളിമുറി യാതെ പ്രവഹിക്കും പോലെ സുദീർഘമായി ഇടത ടവില്ലാതെ കേട്ടുകൊണ്ടിരിക്കും മണിനാദം വിവ രണാതീതവും അനിർവചനീയവുമായ പ്രണവാ ന്ത്യമാണു്. ഇപ്രകാരമറിയും വിദ്വാൻ തനി വേദ വിത്തുതന്നെ ആണു്.

അത്യന്തം ശ്രദ്ധേയമായി കരുതേണ്ട ഒരു മന്ത്രമാ ണിനി വിവരിക്കുന്നതു്. ഇതു് മർമ്മപ്രധാനമായ ഒന്നാണു്. എള്ളിൽ എപ്രകാരമാണോ എണ്ണ അതു പോലേയും പാലിൽ വെണ്ണപോലേയും പുഷ്പ മദ്ധ്യേ മണം പോലേയും ഫലമദ്ധ്യേ രസം പോലേയും വിറകിൽ അഗ്നി നിലകൊള്ളും – അതായതു് അഗ്നി പ്രകാശമൂലംകൊണ്ടു നിലകൊള്ളും_പോലയും ആകാശേ വായുവും നിലകൊള്ളുന്നു,ചരിക്കുന്നു. ഇതുപോലേതന്നെ ശ്രദ്ധേയമാണു് ''ആകാശസ്യഗുണശബ്ദോ നിശബ്ദോ ബ്രഹ്മ ഉച്യതേ'' എന്ന മന്ത്രവും.

ഇത്രയും കൊണ്ടു് ഞാൻ കാട്ടുവാനുദ്ദേശിക്കുന്നതു് ആകാശത്തിൽ നിന്നും ശബ്ദത്തിൽ നിന്നും എത്രയോ അകലെയാണു് ബ്രഹ്മം നിലകൊള്ളുന്നതെന്നാണു്.

പ്രണവസ്യാന്ത്യം അനിർവചനീയമായി നില കൊള്ളും ബ്രഹ്മം തന്നെയെന്നു് ശ്രുതി ഓതുന്നുമുണ്ടു്.

ഈവിധേനയുള്ള മറെറാരു ബോധോദയത്തെയാണ്, 'പ്രാണോ ബ്രഹ്മ കം ബ്രഹ്മ.ഖം ബ്രഹ്മ'യെന്നതും നമുക്ക കാട്ടിതരുന്നതു്. അതും നമുക്കല്ലം പഠിക്കേണ്ടതുണ്ട്.

സാധുവായ ശ്രീധരൻ നിരാധാരനായി, നിരാലംബനായി നിരാശ്രയനായി, നിരീഹനായി ഈ വേദിയിലേയ്ക്കു നീങ്ങും വേളയിൽ ഞാനോർത്തു പോയ കഥയിലൊന്നു് ഞാനിവിടെ പറഞ്ഞുകൊള്ളട്ടേ.

കശ്യപനാകും പ്രജാപതിക്ക രണ്ടു ഭാര്യമാരുണ്ടായിരുന്നു, കദ്രുവും വിനതയും. ഇവരുടെ ശുശ്രൂഷാദികളിൽ തൃപ്തനായ കശ്യപപ്രജാപതി രണ്ടുപേരും,ഓരോ ഇഷ്ടവരം വരിച്ചുകൊള്ളുവാൻ പറഞ്ഞു. അന്തമില്ലാത്ത വീര്യബലമൊത്ത നാഗസഹസ്രങ്ങൾ ഉണ്ടാകണമെന്നു കദ്രുവും, അവരെ ജയിയ്ക്കാൻ കഴിവൊത്ത തേജോവീര്യബലവേഗമൊത്തതായുള്ള രണ്ടു് സൽപുത്രരുണ്ടാകണമെന്നു് വിനതയും അർഥിച്ചു.

കദ്രുവിൻെറ മുട്ടകൾ വിരിഞ്ഞു ആഗ്രഹസാദ്ധ്യവുമുണ്ടായി. എന്നാൽ വിനതയുടെ മുട്ടകൾ വിരിയാൻ താമസിക്കയാൽ സഹികെട്ടു് വിനത അതിലൊന്നു കൊത്തി പൊട്ടിച്ചു. പെട്ടെന്നു ലോകം മുഴവൻ അരുണപ്രഭയാണ്ടു ശോഭിച്ചുവെങ്കിലും കുഞ്ഞിനു് ദേഹമത്തു പൂർണ്ണമായിട്ടാഞ്ഞു് കുഞ്ഞുകോപിച്ചു് ശപിച്ചാനാമാതാവിനെ. ദേഹവളർച്ചയത്തു പൂർത്തിയാകും മുമ്പേ പൊട്ടിച്ചു വിട്ടതു കാരണം ദാസ്യമത്തു വന്നുകൂടും ഭവതിയ്ക്കു്, എന്നു ശപിച്ചാനാകുഞ്ഞു്, പൂർണ്ണ വളർച്ച എത്തിക്കും അടുത്ത കുഞ്ഞിനെങ്കിൽ അവൻ തീർക്കും നിൻദാസ്യമെന്നു ശാപമോക്ഷവും നല്കിവിട്ടാനമ്മാതാവിനെ. അടുത്ത മുട്ട

വിരിഞ്ഞു് അത്യുജ്ജ്വല പ്രഭാപൂര്‍ണ്ണനും അതീത ബല വീര്യവേഗശാലിയുമായ ഗരുഡനായി ഭവിച്ചു. ഇങ്ങനെകഴിയവേ കദ്രുവും വിനതയും ഒരുവാദത്തിലിടപെട്ടു. പാലാഴിമഥനേ ഉത്ഭൂതമായ ഉച്ചൈശ്രവസെന്നകുതിരയ്ക്കു് ശുദ്ധവെള്ളനിറമെന്നു വിനതയും, അല്ല വാലടിയില്‍ കറുപ്പടയാളമുണ്ടെന്നു് കദ്രുവും വാദിച്ചു. പരിശോധിക്കാന്‍ തീരുമാനവുമെടുത്തു. കദ്രു തന്‍റെ മക്കളെ വിളിച്ചു് നിങ്ങള്‍ സൂക്ഷ്മശരീരികളായി ഉച്ചൈശ്രവസ്സെന്ന കുതിരയുടെ പൃഷ്ഠഭാഗത്തു് വാലടിയില്‍ പ്രവേശിച്ചു് അവിടെ കറുപ്പുനിറം കൊടുക്കണമെന്നു പറഞ്ഞു. ചിലരതേററു. ചിലരതു് ചെയ്യാന്‍ പാടില്ലാത്തതെന്നു പറഞ്ഞു തള്ളി. അങ്ങനെ തള്ളിയവരെ അഗ്നിക്കിരയാകട്ടേ എന്നു തള്ള ശപിയ്ക്കുയും ചെയ്തു. ഏതായാലും വാദത്തില്‍ കദ്രു ജയിയ്ക്കുയും ശപഥമനുസരിച്ചു് വിനത കദ്രുവിന്‍റെ ദാസ്യം ഏറെറടുക്കുകയും ചെയ്തു. ഇങ്ങനെ വിനത ദാസ്യവൃത്തി ചെയ്യുന്നതെന്തെന്നറിയാതെ തള്ളയ്ക്കുവേണ്ട സഹായസഹകരണങ്ങള്‍ മകനായ ഗരുഡനും ചെയ്തുവന്നു. ശോചനീയമായ ഈ നിലപാടിനു കാരണമെന്തെന്നു മാതാവിനോടു ചോദിച്ചതില്‍ അവരില്‍ നിന്നും കാര്യമെല്ലാം കേട്ടറിഞ്ഞു തന്‍റെയും തന്‍റെ മാതാവിന്‍േറയും ദാസ്യം മാററാന്‍ അവരെന്തു ചെയ്യണമെന്നു് കദ്രുവോടു ചോദിച്ചതില്‍ അമൃതം ഇന്ദ്രന്‍റെ അടുക്കല്‍ നിന്നും കൊണ്ടുവന്നു കൊടുത്താല്‍ മതി എന്നു പറഞ്ഞു. വിനതാപുത്രഗരുഡന്‍ ഇന്ദ്രനെ യുദ്ധേ ജയിച്ചു് അമൃതം കൊണ്ടുവന്നുകൊടുത്തു് ദാസ്യം മാററി.

ഇങ്ങനെ ഗരുഡനേ പോലെയോ ഭഗീരഥനേ പോലെയോ അതിസാഹസം ചെയ്തു ജീവനു പററിയെന്നു തോന്നും ദാസ്യം മാററല്‍ അത്രേ സാധുവായ

ശ്രീധരൻെറയുമുദ്ദേശം. ആകയാൽ അതിപ്രൗഢങ്ങളായ ശാസ്ത്രഗത്തങ്ങളിലേയ്ക്കു തന്നെ കടന്നുചെന്നു് നിത്യ മുക്ത്യാമൃതംകരസ്ഥമാക്കലത്രേ ശ്രീധരലക്ഷ്യം. ആകയാൽ ശ്രുഷ്ഠാന്തിയായി കടക്കാം.

''ഓമിത്യേദക്ഷരമിദം............
ഇതിസർവമോങ്കാര ഏവ............
സർവം ഹ്യേതത് ബ്രഹ്മ'' ഇതു് ശ്രുതിവചനമാണു് എന്നാൽ അതിനെ വേധിക്കുമാറു് — ശബ്ദഗുണകമാകാശം നിശബ്ദം ബ്രഹ്മലക്ഷണം എന്നു കാട്ടി അതിനെ സ്ഥബ്ദമാക്കും പോലെ ആക്കി പക്ഷേ ആ സംശയം തീക്കുമാറു നമുക്കു മറെറാരു വിവരണം നല്കുന്നുണ്ടു്. തൈലധാരാസമാനം ഇടതടവില്ലാതെ പ്രവഹിക്കും ദീഘ്ഘഘണ്ഡനിനാദസമാനം പ്രവഹിക്കും പ്രണവത്തിൻെറ അഗ്രം അഥവാ അന്ത്യം, അവാച്യമായ അതിനെ അറിഞ്ഞവൻ, ബ്രഹ്മവിത്തുതന്നെ, വേദവിത്തുതന്നെ ആണു്. ഇവിടെ നിന്നും നമുക്കടുത്ത കടമ്പയിലേക്കു കടക്കാം. പ്രാണോ ബ്രഹ്മ, കം ബ്രഹ്മ, ഖം ബ്രഹ്മ– ഇതിൻെറ വാസ്ഥവസ്ഥിതി പരിശോധിക്കാം.

''തിലമദ്ധ്യേ യഥാതൈലം
ക്ഷീരമദ്ധ്യേയാഥാഘൃതം
പുഷ്പമദ്ധ്യേ യഥാഗന്ധഃ
ഫലമദ്ധ്യേയഥാരസഃ
കാഷ്ഠാഗ്നിവത്പ്രകാശത
ആകാശേ വായുവത്ചരേത്''

എള്ളിൽ എണ്ണപോലെയും പാലിൽ വെണ്ണപോലെയും പുഷ്പേഗന്ധം പോലെയും പഴങ്ങളിൽ രസംപോലെയും

കാഷ്ഠത്തിലഗ്നിപോലെയും പ്രകാശിക്കുന്നു. ആകാശേ വായുസമാനം സഞ്ചാരത്തേ ചെയ്യുന്നു. ഇനിയും ഇതിൽ സംഭാവ്യമാകാവുന്ന ചില അനുഭവങ്ങളെ കണക്കിലെടുത്തു് വിശദമായി നീങ്ങാം. ജീവൻ പ്രാണനെ വിട്ടു നില്ക്കുന്നില്ല. ജീവനതിനു കഴിവില്ലെന്നുപോലും പറയാം. മായയിൽ പ്രതിബിംബിതനീശ്വരൻ മായക്കൊട്ടുമധീനനല്ലായവൻ. പ്രാണനിൽ പ്രതിബിംബിതൻ ജീവനോ പ്രാണനൊട്ടുവിധേയനായ് താഴുന്നു. ഇതിനെപ്പററി അല്പം പഠിക്കണം. പ്രാണൻ ജീവനേയും മനസിനേയും ഭരിക്കുന്നുണ്ടു്. മായാധിപതി അല്ലാ മായാങ്കുരമായ മനസ് ജീവനെ അലട്ടുകയും ഒട്ടൊക്കെ ഭരിക്കുകയും ചെയ്യുന്നതറിയാൻ കഴിയും. എന്നാൽ മനസിനേയും ജീവനേയും പ്രാണൻ നിയന്ത്രിക്കുകയും ഭരിക്കുകതന്നെയും ചെയ്യുന്നുണ്ടു്. ഇവിടെ യോഗികളും ഭക്തന്മാരും ജ്ഞാനികളും അല്പം ഭിന്നിക്കുന്നുണ്ടു്. അതു പറയാം. പ്രാണായാമാദികൾചെയ്തു് മനോനിയന്ത്രണത്തിനു് സാഹസപ്പെടേണ്ടെന്നും അതുവെറും തോൽതുരുത്തിപ്രവർത്തനം പോലെയാണെന്നും പറഞ്ഞു കാണുന്നു, പ്രാണനേപ്പററി അതിനിഷ്ക്കഷ്യായി തന്നെ പഠിക്കണം. പ്രാണൻ ആകാശത്തിൽ പുലരുന്നവനാണു്. ജീവകാരണനാണു്. മരണകാരണനുമാണു്.

ഹൃദയേനിലകൊണ്ടു് ജീവനത്തെചെയ്തു് ജീവകാരണനായ പ്രാണനായും ഗമനപ്രകൃതിയാൽ ജഗൽപ്രാണനായും, ദേഹേഗുദസ്ഥാനത്തു പ്രവേശിച്ചു് അപാനനായും, നാഭിസ്ഥാനസ്ഥിതനാകുമ്പോൾ സമാനപ്രകൃതനായും കണ്ഠദേശം മുതലായ സ്ഥാനസ്ഥനാകുമ്പോൾ ഉദാനനായും സർവശരീരഗാമിയായി നില

കൊണ്ടു് വ്യാനനായും പ്രവർത്തിക്കുന്നു. ഈ പ്രാണനുള്ള പ്പോഠം ജീവൻ നിലനില്ക്കുന്നു. ഇതില്ലെന്നുവന്നാൽ ജീവനുമില്ലതന്നെ. എന്നിട്ടും പ്രാണനെ നിയന്ത്രിക്കാൻ ബദ്ധപ്പെടേണ്ടാ മനോനിയന്ത്രണമാണാവശ്യം എന്നു് ശക്തിയായൊരുവാദമുണ്ടു്. മനസ്സതിസൂക്ഷ്മവും സർവ വ്യാപിയും സത്വഗുണപ്രധാനനുമാണു്. മായാങ്കുര മാണു് മനസ്സെന്നും വാദഗതിയുണ്ടു്. ഇതെല്ലാം കണക്കി ലെടുത്തുവേണം അക്കരെക്കുതുഴയുവാൻ. ഇതെല്ലാം കരു തിയാൽ സത്യമെങ്ങനെ കണ്ടെത്തുമെന്നതു് വലിയ ബുദ്ധിമുട്ടുതന്നെ. ഇതിനും പുറമേ വേറെ ചില കാര്യ ങ്ങഠംകൂടി കണക്കിലെടുക്കേണ്ടിവരുന്നു. അതായതു് മാനവശരീരത്തിൽ മനോനിലയങ്ങളും പ്രാണനിലയ ങ്ങളും ശ്രുതിസമ്മതമായിട്ടുള്ള രേഖകളുണ്ടു്. അതായതു് ബുദ്ധിയും മുഖ്യപ്രാണനും മുഖത്തും മനസ്സും ഉദാനനും കണ്ഠത്തിലും, പ്രാണനും അഹങ്കാരവും ഹൃദയത്തിലും സമാനനും ചിത്തവും നാഭിയിലും അപാനൻ ഗുദപ്രദേ ശത്തും നിലകൊണ്ടു്പ്രവർത്ത്യോന്മുഖമായി നില്ക്കുന്നതു് വിവരിക്കുന്നുണ്ടു്. വ്യാനൻ ശരീരമാസകലവും ഒരിച്ചു് രോമകൂപേഷുസഞ്ചാരിയായി നില്ക്കുന്നു.

ഇങ്ങനെ എല്ലാമന്യോന്യം വേർതിരിച്ചും മറ്റൊരു തരത്തിൽ ഘടിപ്പിച്ചും നിലനിറുത്തിച്ചെയ്യുമിടത്തിൽ ഒന്നിനെ തഴഞ്ഞൊന്നിനെ നിയന്ത്രിക്കലെളുപ്പമെന്നു് കരുതരുതു്. സാദ്ധ്യമെങ്കിൽ സാധിച്ചുകൊള്ളുക.

മനോനാശം മഹോദയമാണു്. പ്രാണനാശം ജീവ നാശവുമാണു്. ഒരുത്തൻെറ ആഗ്രഹാനുസരണം അഥവാ മനസിൻെറ വ്യാപാരവിധേയേനശരീരത്തിൻെറ ഏതു ഭാഗത്തും മനസിനെവിടുക ഒരു പ്രയാസത്തേയും ചെയ്യു

ന്നതായികാണുന്നില്ല. മനസ്സിനെ സുഷുമ്നയിലോ ബ്രഹ്മരന്ധ്രത്തിലോ പറഞ്ഞുവിടുക അത്ര സാഹസമല്ലാ. യോഗമാർഗ്ഗത്തിൽ യമ, നിയമ, ആസന, പ്രാണായാമ പ്രത്യാഹാരധാരണാധ്യാനസമാധി എന്ന് അഷ്ടാംഗ യോഗവിവരണം. ഇതിൽ മനസ്സും പ്രാണനും നിയന്ത്രണവിധേയമാക്കുംവിധമാണ് പറഞ്ഞുകാണുന്നതു്. എന്നാൽ ജ്ഞാനമാർഗ്ഗാവലംബികൾക്ക് കൊടുക്കും നിർദ്ദേശത്തിൽ മനോനിയന്ത്രണമാണുപ്രധാനം. നിത്യാനിത്യവസ്തുവിവേകം ഇഹാമുത്രഫലഭോഗവിരാഗം, ശമാദിഷൾക്കസമ്പത്തി, മുമുക്ഷുത്വം, ഇവകൾ നാലാണ്. ഇതിൽനിന്നും ജ്ഞാനി മനോനിയന്ത്രണമാണാവിഷ്കരിക്കുന്നതെന്നു വ്യക്തം കാണാം. പക്ഷേ പ്രാണനെ ശിരസിലൊതുക്കിനിറുത്തുക മുതലായവ പ്രവൃത്തിവിധേയമായ പ്രക്രിയയാണ്. ഇതിനും പുറമേ പ്രാണനിൽ ചെയ്യുംചില പ്രക്രിയ വരുത്തിക്കാട്ടും അവസ്ഥകൾ ചിലതു് മനോനിയന്ത്രണസാദ്ധ്യമെന്നു കരുതാൻപ്രയാസമുണ്ട്. അതിൽ ചിലതും വിവരണവിധേയമാക്കി കാട്ടേണ്ടതുണ്ട്. അതിലും നമുക്കല്പം കടന്നു ചെല്ലാം.

ഇതെന്റേതായ വിവരണമാണ്. ആദരണീയവും അംഗീകാരയോഗ്യവുമെങ്കിൽ മാത്രമേ സ്വീകരിക്കാവൂ. അതു തീരുമാനം ചെയ്യാനിപ്പോൾ കഴിവു പോരെന്നു തോന്നുന്നപക്ഷം കഴിവു നേടുംവരേയ്ക്കു കാത്തിരിയ്ക്കുക ഭാവിപരിപാടിയിലാക്കുക.

മനോശുദ്ധികൊണ്ട് പ്രാണശുദ്ധിയും വരും. മനപ്രാണങ്ങൾ ശുദ്ധമായാൽ ബുദ്ധിശക്തിയെ ഉറപ്പിച്ചു നിറുത്തി ആജ്ഞയെ ചെയ്താൽ സുഷുമ്നാ-സുഷുമ്നാദ്വാരം

മോക്ഷകവാടം തുറന്നുകിട്ടും, അപ്പോഠം കുണ്ഡലിനീ ശക്തി എന്നുപറയപ്പെടും വേദാന്തസമ്മതമായ ജീവ ചൈതന്യം അഥവാ ആത്മാ ഉണരും എന്നു പറഞ്ഞാൽ ബോധമറിയും എന്നു പറഞ്ഞാൽ ബോധം താൻതന്നെ എന്നു് അറിഞ്ഞുതെളിയും പ്രശോഭിക്കും. അന്യഥാത്വം അസ്തമിക്കും. ബോധോദയമുണ്ടാകും. ഇതിനെ നിങ്ങഠം ക്കുകടന്നറിയാൻ വീണ്ടും പ്രകാശിപ്പിക്കാം. ദേഹമാം മായാപിണ്ഡേതാൻ നിലകൊള്ളുന്നുവെന്നുറപ്പിച്ചിരുന്ന ബോധത്തെ അവിടെനിന്നും പിഴുതുമാററി സ്വ ആത്മാ വാം ബ്രഹ്മത്തിൽ പ്രതിഷ്ഠിച്ചു നിറുത്തി. അതായതു് ദേഹമായ പിണ്ഡത്തിൽനിന്നും അഹത്തെ എടുത്തു മാററി സ്ഥിരമായി സ്വാത്മാവാം ബ്രഹ്മത്തിൽ പ്രതിഷ്ഠ ഉറപ്പിക്കലത്രേ വേണ്ടതു്. ഇതു് വ്യക്തമാകണം വീണ്ടും പറയാം. ശരീരം താനെന്നാക്കും വീക്ഷണമില്ല. അങ്ങ നുള്ളവരും കണ്ടേക്കാം. പിന്നേയോ ശരീരേ താനെ ന്നാണു് വീക്ഷണം. ആ വീക്ഷണത്തെ പെട്ടെന്നുതന്നെ സധൈര്യം പിഴുതുകളഞ്ഞു് താൻ ബോധാകാശമാ ണെന്നു് ബോധ്യമുറപ്പിച്ചു് നിലനിത്തി ചാഞ്ചല്ല്യമി ല്ലാതാക്കി നിലയ്ക്കുനിത്തി സർവതന്ത്ര സ്വതന്ത്രനായി നിലകൊള്ളുകയത്രേ കരണീയം — നായമാത്മാബല ഹീനേനലഭ്യോ— അഹം ബ്രഹ്മേതി നിശ്ചിത്യാ അഹം ഭാവം പരിത്യജ — ഇതാണു് വേദാന്ത അരുഠം വേദ പ്രകാശം ഓം ഓം ഓം.

കടക്കാം നമുക്കതിനുമപ്പുറം കടക്കാം. ബ്രഹ്മത്തിൽ നിന്നും ആരും ബ്രഹ്മമല്ലാത്തതായി ഭേവിച്ചിട്ടില്ല. ഭേവി ക്കയുമില്ല.

''ഓം മിത്യേദക്ഷരമിദംസർവം
തസ്യോപവ്യാഖ്യാനംഭൂതം

ഭവത് ഭവിഷ്യദിതിസർവ
മോങ്കാര ഏവയച്ചാന്യത്
ത്രികാലാതീതം തദപ്യോങ്കാരഏവ
സർവംഹ്യേതത്ബ്രഹ്മ
അയമാത്മാബ്രഹ്മ''

മനസ്സു സ്തബ്ധമായാൽ നിദ്രതാനേവരും, ഇന്ദ്രിയങ്ങൾ താനേ അടങ്ങും പക്ഷേ പ്രാണനടങ്ങുകയില്ലാ. അതു് കൂടുതലൂർജ്ജസ്വലമാകും. ഓടുമ്പോഴുണ്ടാകുന്നതിനേക്കാൾ കൂടുതലാണു് ഉറങ്ങുമ്പോൾ പ്രാണൻെറ ഊർജ്ജസ്വലത. ആകയാൽ മനസടങ്ങി ഇന്ദ്രിയങ്ങൾ നിഷ്പ്രഭമായാലും പ്രാണൻ തീവ്രനാണു്. ഈ അവസ്ഥയിലെ തീവ്രജിജ്ഞാസുവിൻെറ അനുഭവങ്ങൾ എൻെറ അനുഭവേന വെളിച്ചത്തുകൊണ്ടുവരാം. കുണ്ഡലിനി എന്നൊരു ശക്തിവിശേഷം മനുഷ്യനിൽ നിലകൊള്ളുന്നുണ്ടു്. ഇതു് ഇന്ദ്രിയങ്ങളോ മനസോ പ്രാണനോ അല്ല. ആണെന്നെങ്ങും പറഞ്ഞുകാണുന്നുമില്ല. ഇവ രണ്ടുമല്ലെന്നു വ്യക്തം പറയാം, എന്നാൽപ്പിന്നെ എന്താണതു്— ജീവനാണെന്നാണു് പരക്കേ സമ്മതം. പക്ഷേ അതു ജീവനാണോ. വേറെയും ചിലതു ശ്രദ്ധിക്ക,പ്രാണനെന്താണു്. ഭൂമിയല്ലാഅപ്പല്ലതേജസ്സല്ലാ അതായതഗ്നി അല്ലാ അതിലുപരി സൂക്ഷ്മമായ വായുവാണു്. പാശ്ചാത്യനിഗമനത്തിൽ ഇതു വസ്തുതത്വം പോലുമല്ല തനി എനർജി ഇലക്ട്രിസിററി തുടങ്ങിയവപോലെ.

മുമ്പ് നാം പറഞ്ഞുവന്നതു് ശ്രുതിയുടെ പ്രാണബ്രഹ്മ തുടങ്ങിയവയുടെ സത്യാവസ്ഥയാണു്. സ്വാനുഭവത്തിൽക്കൂടിവെളിപ്പെടുത്താൻ ശ്രമിക്കട്ടെ–ഇന്ദ്രിയങ്ങളടങ്ങി—മനസ്സടങ്ങി—അതായതു് പൂർണ്ണസ്തബ്ധമായി—

പ്രാണൻമാത്രം പ്രവർത്തിക്കും വേളയിലാണ്— തീവ്ര ജിജ്ഞാസുവിൻെറ ജിജ്ഞാസാശക്തിയാൽ സുഷുമ്നാ കവാടം തനിയേ തുറന്നുപോകും. ആ അവസ്ഥയിൽ ബോധമാത്രമായ കുണ്ഡലിനീശക്തി വാരണാസി കടന്ന് നിലകൊണ്ടു് പരിശോഭിക്കും തടിൽ പ്രഭാപൂരത്തെ ജയിക്കും പ്രകാശഗംഭീരമായ കാശിയിൽ പ്രവേശിച്ച് ദളങ്ങളുടനുടൻ കടന്ന് നാനാരത്നപ്രഭാജ്യോതിസുകളും വഹിച്ചും കടന്നും മുന്നേറും. കുണ്ഡലിന്യോപനിഷത്തിൽ ഇതിൻെറ മറെറാരുതരത്തിലുള്ള യോഗവിധി പറഞ്ഞിട്ടുണ്ടു്. എന്നാൽ ഞാൻ ഈ പറയുന്നതു് തീവ്രജിജ്ഞാസുവിൻെറ ആത്മശക്തിദ്യോതകമായ ജിജ്ഞാസാശക്തിയാൽ മാത്രം സുഷുമ്നാകവാടം തുറക്കപ്പെട്ടു് വാരണാസിയുംകടന്നു കാശിയിൽ പ്രവേശിക്കും കാഴ്ചയാണനുഭവമാണ്. തടിൽലതാപ്രഭാപൂരം വഹിച്ചു ഓരോ ദളങ്ങളേയും അതിവേഗേ ഉണർത്തി കുനിഞ്ഞുകൂമ്പി നിലകൊള്ളും ദളങ്ങളെ നൃത്തപൊങ്ങിവിലസിപ്പിച്ച് ധ്വനിപൂരാലംകൃതനും വിവിധ രത്നപ്രഭാപൂരാലംകൃതനുമായി പ്രാണാനുഗതനായി കൈലാസേ പ്രവേശിക്കലായി. ഇവിടെ ഏററവും വിശേഷതരവും അത്ഭുതാലഭുതവുമായ ഒരനുഭവം ഉടലെടുക്കും_അതായതു് അപ്പോളറിവിനു വിധേയമായവശേഷിക്കും സർവവും താനാമാത്മാവുതന്നെയെന്നു് ബോദ്ധ്യംവന്നിരിക്കും. ഇതിനെ ദേവീഭാഗവതം വിവരിക്കുന്നതും കേൾക്കുക.

''പോകുന്നപോക്കിൽഅതിശോഭയാണേതാൾ
മടങ്ങിടുമ്പോൾ അമൃതായമാന''

ഇതിൻെറ ഒരു മനോഹര ചിത്രീകരണവും ശ്രീദേവീ ഭാഗവതം നല്കുന്നുണ്ടു്. ഇതു് നിങ്ങൾ ഭക്തനായാലും

ജ്ഞാനി ആയാലും യോഗി ആയാലും പഠിച്ചിരിക്കേണ്ടതാണ്.

''ആധാരം ലിംഗവും നാഭിയുമഥഹൃദയം
കണ്ഠവുംനെററിയെന്നീ
ദിക്കിൽനാലാറ്പത്താറിരുദളമഥ,ര
ണ്ടെട്ടിതാംരണ്ടുമായും
വാദ്യം, സാന്ത്യം, ബലാന്തം ഡഫ
കാസഹിതം കണ്ഠവത്തിസ്വരാഭം
ഹക്ഷം തത്ത്വാത്ഥയുക്തം
സകലദളഗതം വർണ്ണരൂപംസ്മരിപ്പൂ''

ഇതു് സുവ്യക്തമാകയാൽ പറയണമെന്നില്ലെന്നു കരുതുന്നു. ഇതു ശരീരാന്തർഗതനായറിയപ്പെടും. ആത്മാ സ്വതന്ത്രനാകാൻ തൻെറ മായാരഹിത ആത്മശക്തിയെ പ്രാപിച്ച് സഹസ്രദളപത്മത്തെപ്രാപിച്ച്, ഭവാനീ ഭാവനാഗമ്യാഭവാരണ്യകഠാരികയായി ചമഞ്ഞു് സഹസ്രാരാംബുജാരൂഢ സുധാസാരാഭിവർഷിണിയായി — തടില്ലതാസമരുചീഷ്ചക്രോപരിസംസ്ഥിതയായി കുണ്ഡലിനീശക്തി ആത്മപ്രഭപരിലസിക്കുംവിധം ശ്രീ ലളിതാസഹസ്രനാമവും വരച്ചുകാട്ടി തന്നിട്ടുണ്ടു്. ഇവ പഠിച്ചാൽപോരാ ഇവയാവുകയാണുവേണ്ടതു്. അതായതു് ആത്മാബ്രഹ്മമാമുത്തമപുരുഷനായി ഏകനായി ദ്വൈതമററ് എല്ലാം തൻപ്രഭയായ് താനായറിയുംനില എത്തും എത്തണം.

ഈശ്വരനെന്നും മാനുഷനെന്നും ജീവജാലങ്ങളെന്നും വേറെ വേറെ ഇല്ല. പിന്നെക്കാണുവതെന്തെന്നു ചിന്ത ചെയ്തു പഠിക്കണം. ആത്മാവെന്നാൽ ബ്രഹ്മം തന്നെ

പിന്നെങ്ങനെ പൂജ്യത്വം തുച്ഛത്വം മുതലായവ ഉടലെടുക്കും. അതു ബോധേ ഉള്ളതാണ്‌ അതേ ബ്രഹ്മേ ഉള്ളതാണ്‌. ആയതിനെ മായാശക്തി എന്നുപറയും, അത വിദ്യയാണ്‌ വിദ്യാവിപരീതബോധം, പോരാ വ്യക്തമാക്കാം. മുൻവിവരണം വാചകമേ ആകുന്നുള്ളൂ. അനുഭവവിവരണമാകുന്നില്ല. അനുഭവവിവരണത്തേ തന്നെ ചെയ്യണം. ദേവീഭാഗവതം പറയുന്നതു ശ്രദ്ധിക്കാം.

''സഹസ്രദളപത്മസ്ഥാ
സർവവർണ്ണോപശോഭിതാ
ഈ ജ്ഞാനമോ സ്വാനുഭവ
മുള്ളോരാലേ ലഭിച്ചീട്ടു
ശബ്ദജ്ഞാനത്തിങ്കൽനിന്നും
കാര്യസിദ്ധിഭവിച്ചിടാ
ഇരുട്ടുപോകാദീപത്തിൻ
വാർത്തയാലതുപോലവേ
ഉള്ളിലേത്തിമിരംപോക്കാൻ
പോരാശാബ്ദികബോധവും
ബന്ധംപോക്കുവതേകർമ്മം
മുക്തിക്കുള്ളതുവിദ്യയും''

ഒന്നുകൂടി സ്വയുക്തിയാൽ വെളിപ്പെടുത്താം.

കറുത്തനിറം പകർത്തിയ പലകയിൽ പ്രകാശജ്യോതിസ്സേറും നിറത്തിലാണ്‌ ചിത്രനിർമ്മാണം നടത്തുക. ആയപോലെ ബോധാകാശചിത്രീകരണം ബോധക്കേടിലേ തെളിയൂ. അതേ സംഭവിച്ചിട്ടുള്ളൂ. അതേ സംഭവിക്കുന്നുമുള്ളൂ. ലിപി, വാക്ക്‌, വാചകം, സാഹിത്യം തുടങ്ങിയവ ബോധാകാശത്തിന്റെ ചിത്രരചനാപശ്ചാത്തലമാണ്‌. അതും കേൾക്കുക. ആകാശത്തെ വരച്ച

കാട്ടും നീലിമ ആകാശത്തിൻെറ പശ്ചാത്തലമാണ്. സൂക്ഷ്മാതിസൂക്ഷ്മവസ്തുതത്വത്തെ വരച്ചുകാട്ടുകമാത്രമാണ്, ഈശ്വരൻ നീലിമയിൽ നിലനിർത്തി കാട്ടിത്തന്നിരിക്കുന്നതു്. ഇങ്ങനെ ഒന്നു് ലോകേ കാട്ടിയിരിക്കകൊണ്ടു് തത്സദൃശമായ ഒന്നു് ബോധേ അസാധ്യമെന്നു കരുതരുതേ. ഇങ്ങനങ്ങറിഞ്ഞാൽ ബദ്ധലുമാറും. ഇവയെല്ലാം മായാവിവരണമാണു്. ആത്മാ അറിയേണ്ടും മറ്റൊന്നു് മാനസനിലയാണു്. അതും കടന്നന്വേഷിക്കാം. അതിബൃഹത്താണു വിഷയം, അതിമനോഹരവുമാണു്. ഇതു വാചകാലും ശരി ആണു്.

അബദ്ധം ബ്രഹ്മസിദ്ധമെങ്കിലും ബ്രഹ്മബന്ധനമല്ലല്ലോ. മായയിൽ പ്രതിബിംബിതനൊരിക്കലും മായയ്ക്കധീനനല്ല. സാഗരേപ്രതിബിംബിതൻസൂര്യൻ സാഗരത്തിന്നധീനനല്ലായവൻ. ഈശ്വരമായ മാനുഷബന്ധനകാരണമാകയില്ല. പക്ഷേ മാനുഷമായ–മനസ്സ്–മാനവബന്ധനത്തേ ചെയ്യും, ആകയാൽ മാനസത്തെ ജയിക്കണം. മനസ്സ്, ബുദ്ധി, അഹംകാരം, ചിത്തം ഇവയാണു് അന്തക്കരണചതുഷ്ടയങ്ങൾ. ഇവ നാനാതരത്തിലുള്ള ബോധവാഹികളാണു്. പക്ഷേ ബോധമല്ല. മനസ്സ് മനുഷ്യൻേറതെന്നിരിക്കെ മനസ്സിൻേറതാണു്, മനുഷ്യൻ എന്നു വരുത്തരുതു്. മനസ്സിനു് ആത്മാവില്ലാ ബ്രഹ്മവുമില്ല ആത്മവാനാണു മാനുഷൻ. ആത്മാവിന്നേ ഉത്തമപുരുഷനാകാൻ സാദ്ധ്യതയുള്ളൂ. മനസ്സാകട്ടെ മദ്ധ്യമപുരുഷൻപോലുമാകുക പ്രയാസമാണു്. അതധമപുരുഷനാകാനാണുസാദ്ധ്യത.

മനുഷ്യൻേറതാകണം മനസ്സ് അല്ലാതെ മനസിൻേറതാകരുതു് മാനുഷനും മററു മായാജന്യങ്ങളെല്ലാം.

അതുപോലെ ബ്രഹ്മത്തിന്റേതാണ് മനുഷ്യനും മററു മായാപിറവികളഖിലവും അല്ലാതെ മായാപിറവികളു ടേതാകരുതു് ബ്രഹ്മം. ബ്രഹ്മം ആത്മാവാണ്, ആത്മാ ബ്രഹ്മവുമാണ്. ഇതു് വേദാന്തസമ്മതവുമാണ്. ഇവ അന്യഥാകരിക്കലില്ല. ആത്മാവാം ബ്രഹ്മം ദേഹമാം എലിപ്പത്തായേവീണപോയഎലിഎന്നെന്തിനുകരുതി മാഴ്കുന്നു. സർവതന്ത്രസ്വതന്ത്രനായ സർവശക്തൻ താനല്ലെന്ന കാഴ്ചപ്പാടു് സൃഷ്ടിച്ചു് നശിക്കുന്നവില പിപ്പതതെന്തിനു്, മഹാദുരിതഹാരിയായ മനസിനെ, കുഞ്ഞറിയാതെ പാമ്പിനെ താലോലിക്കും പോലെ താലോലിപ്പതതെന്തിനു്. തീയിൽ കളിക്കും കുഞ്ഞു പോലെ അബദ്ധനാകുവതെന്തിനു്. തീവ്രമായ ആത്മ ശക്തിയെ അവലംബിച്ചു് വരുന്നതങ്ങുവരട്ടേ എന്നു കരുതി ധീരമായി നിലകൊൾക.

'നായമാത്മാബലഹീനേനലഭ്യ'

'നാഹംമനുഷ്യോ നചദേവയക്ഷോ
നബ്രഹ്മചാരീന ഗൃഹീവനസ്ഥോ
ഭിക്ഷുർനചാഹം നിജബോധരൂപ'

'നൈവംഭവാമ്യഹംദേഹോ
നേന്ദ്രിയാണിദശൈവതു
ന ബുദ്ധിർമന ഈശശ്ച
നാഹംകാരസ്ഥനൈവച
അപ്രാണോ ഹിമനാശ്ശുഭ്രോ
ബുദ്ധ്യാധീനാഹിസർവദാസാക്ഷ്യഹം
നിത്യചിന്മാത്രോഹം സദാശിവ
നാഹംകർത്താനൈവഭോക്താ
പ്രകൃതേസാക്ഷിരൂപക

മത്സാന്നിദ്ധ്യാൽപ്രവത്തന്തേ
ദേഹാദ്യാഅജഡായിവ
സ്ഥാണർനിത്യസദാനന്ദശ്ശുദ്ധോ
ജ്ഞാനമയോമല ആത്മാഹം
സർവഭ്രതാനാംവിഭസാക്ഷീനസംശയ
ബ്രഹൈമവാഹംസർവവേദാന്തവേദ്യം
നാഹംവേദ്യം വ്യോമവാതാദിരൂപം
രൂപംനാഹംനാമനാഹം നകമ്മ
ബ്രഹൈമവാഹം സച്ചിദാനന്ദരൂപം
നാഹംദേഹോ ജന്മമൃത്യകുതോമേ
നാഹംകാരക്ഷുൽപിപാസകുതോമേ
നാഹംചേതശോകമോഹകുതോമേ
നാഹംകത്താബന്ധമോക്ഷകുതോമേ
ഇതിമുനീനദൃശ്യവാണ്യവാച
സത്യമിത്യപനിഷത്
ഇതിസർവസാരോപനിഷത്.

ഇവകളുടെസാരാംശത്തിലേയ്ക്കു നിങ്ങളെ ഒന്നാനയിച്ചു കൊള്ളട്ടേ.

ആത്മാ ബലഹീനക്ക വിധേയമല്ല. ഞാനെന്നറിയപ്പെട്ടം വസ്തുമാനുഷനെന്നറിയപ്പെട്ടം വസ്തുവല്ല. ദേവനെന്നോ യക്ഷനെന്നോ അറിയപ്പെട്ടുന്നതുമല്ല. ആയപോലെ ബ്രഹ്മചാരിയെന്നറിയപ്പെട്ടുന്നവനോ ഗൃഹസ്ഥനോ ഗൃഹസ്ഥാശ്രമിയോ അല്ലാ ഭിക്ഷുവായി കാണപ്പെട്ടം വാനപ്രസ്ഥനോ അല്ലാ പിന്നെയോ എന്നും തെളിഞ്ഞുവിളങ്ങും ചിന്മയൻതന്നെ.

ബാക്കിസർവസാരോനിഷത് വചന ഭാഗങ്ങളാണ്. ഭവിച്ചതായറിയും ദേഹമോ അതിലറിയും പത്തിന്ദ്രിയ

ങ്ങളോ, ബുദ്ധിയോ, മനസോ, ഈശനോ, അഹംകാരമോ അല്ല മാനസാതീതമായ തേജോരൂപിയാണ് ഞാൻ ബുദ്ധിയായ വസ്തു് സവർദാസാക്ഷിയായി നില കൊള്ളും, നിത്യമായി ചിന്മാത്രമായി നിലകൊള്ളും സദാശിവൻ തന്നെ. ഞാൻ കത്താവല്ല, ഭോക്തവല്ലാ പ്രകൃതേസ്വഭാവത്താൽ സാക്ഷിസ്വരൂപനായിരിക്കുന്നവൻ. എന്റെ സാന്നിദ്ധ്യം കൊണ്ട് ദേഹം തുടങ്ങിയവ അജഡമെന്നപോലെ പ്രവത്തിനിരതമായി ഭവിക്കുന്നു. സ്ഥിരനായിനിത്യനായിസദാനന്ദശുദ്ധനായി ജ്ഞാനമയനായി അമലനായി, സർവഭൂതങ്ങളുടേയും ആത്മാവായി വിഭുവായി അതായത്് നിത്യനായ സർവശക്തനായി പ്രഭുത്വമുള്ളവനായി തത്വങ്ങളെ ഉൾക്കൊള്ളുവാൻ സമത്ഥനായിസർവജ്ഞനായി ത്രിമൂത്തികളായി ആത്മാവായി സാക്ഷിയായി സംശയമററവനായിരിക്കുന്നേൻ. എന്നതിന് യാതൊരുസംശയവുമില്ലതന്നെ.

ഈ അന്തരീക്ഷത്തിൽ ഈ നഭസ്സിൽതന്നെ ആത്മാവിനെ ശ്രുതി അവതരിപ്പിക്കും പ്രകാരത്തെ കാൺക.

ഞാൻ ബ്രഹ്മംതന്നെ ആണ്. സർവ്വവേദാന്തങ്ങളാലും അറിയപ്പെടേണ്ടും വസ്തുവാണു ഞാൻ. ആരാലും അറിയപ്പെടാവുന്ന വസ്തുവല്ലാ ഞാൻ ആകാശം വായു മുതലായവ പോലെ. രൂപരഹിതനാണു ഞാൻ. ഞാൻ നാമരഹിതൻ. കമ്മമല്ല ബ്രഹ്മം തന്നെ. സച്ചിദാനന്ദസ്വരൂപിയാണ് ദേഹമല്ലാ—ആകകൊണ്ട് ജന്മമരണങ്ങളെവിടെ—ഞാനഹങ്കാരമല്ലാ. ആകയാൽ വിശപ്പ് ദാഹം മുതലായവ എങ്ങനെ—ഞാൻ ചേതസ്സല്ലാശോകമോഹങ്ങളെങ്ങനെ—ഞാൻ കത്താവല്ലപിന്നെ ബന്ധമോക്ഷങ്ങളെങ്ങനെ— എന്നുമുനീശ്വരന്മാക്ക് അദൃശ്യവാണി അരുളാണ്.

സത്യമിത്യുപനിഷത്
സർവസാരോപനിഷത്

ഓം

# ശ്രീഗുരവേനമഃ,

ആരുമാരും കേട്ടിടേണ്ടാ
ദൂരയുമാരും കേട്ടിടേണ്ടാ
സ്വാത്മാമാത്രം കേട്ടാൽമതി
സാധുത്വയാതൊക്കാരുമില്ലേ.

ശബ്ദംപോലുമയാതൊക്കില്ലേ
ശബ്ദിക്കാനൊട്ടന്യനുമില്ലേ

നിർമ്മലബ്രഹ്മമേ
നിത്യനിരാമയാ
പാട്ടുകൾപാടാതെ
• പാടുന്നകേൾക്കണോ.

കർമ്മമില്ലാത്താത്മാവിന്നു്
കർമ്മദോഷംവന്നപോലും
വേട്ടയാടാൻതോക്കുകാരും
നാടുനീളേനിറഞ്ഞുകൂടി

സുഖക്കേടെന്നൊരുകുട്ടഎടുത്തു
കെട്ടിവലിക്കാൻകയറുമെടുത്തു
കഷ്ടം ആത്മാവവശനുമായി
തക്കംനോക്കിവേട്ടക്കാരും
ചുണയായെല്ലാംവേലതുടങ്ങി

രാജാവെന്നൊരുദേവൻ
ഭൂദേവനായിട്ടുണ്ടുണ്ടു്
കിങ്കരന്മാർ പലരുണ്ടവിടെ
തക്കംനോക്കിചവുട്ടുമിടിയും

പറയുവതെങ്ങിനെ
ദുഷ്ടക്കൂട്ടംശിഷ്ടരതായി

സാധുജനങ്ങൾ വലയിലുമായി
പിന്നെന്തുചെയ്താലുമെന്തേ
ആരറിയും ആർപറയും

ഇന്നുംനടപ്പതതല്ലേ
ഈശ്വരനവതരിച്ചപോലും
അവർചെയ്തചെയ്തികളെന്തേ
മിണ്ടേണ്ടാകുഞ്ഞേ
ജനിക്കാതിരിക്കാ
ജനിക്കാതിരിക്കാ

നാരങ്ങക്രൂഷർ നീകണ്ടോ
അതുപോലെ നിന്നെപിഴിയും
അതുതന്നെ ഭൂലോകേ ജീവിതം
അതുതന്നെശിഷ്ടർതൻനന്മ

പണ്ടൊരുചട്ടമ്പിചൊന്നു
ജനിക്കാതിരിക്കിലേ
അഹിംസയതാകൂ
ജനനമറുക്കുജനിക്കാതിരിക്കു

ഇതുതന്നെസാധുഗീതം
ധൂമകേതുക്കൾഭരിക്കട്ടേലോകം
സ്വപ്രകാശികളെരിഞ്ഞടങ്ങട്ടേ
നന്മഒട്ടുമീലോകത്തിൽനോക്കണ്ടാ

ശ്രീകൃഷ്ണനവതരിച്ചിട്ടും
കർണ്ണനേം ഭീഷ്മനേം
ദുഷ്ടസമാനംകൊന്നിട്ടും
യാദവകുലമെല്ലാം
കുടിച്ചുമടിച്ചു
മല്ലേതുലഞ്ഞത്

നന്മഎവിടെനന്മഎവിടെ
ജനിക്കാതിരിക്കുകഞ്ഞേ
സ്വഭാവേസ്വലോകേ
ആത്മാവായ്—ബ്രഹ്മമായ്
തിളങ്ങുകഞ്ഞേ

ജനിച്ചുവെന്നുതോന്നി
പോയാൽഇതുതാൻമാർഗ്ഗം

ഹര! ഹരാ! ജയ! ജയാ!
ഓം ഓം ഓം

ഈ ജഗത്തിൻെറ സൃഷ്ടി ഒരീക്ഷണമാത്രയിലാണ്. നിർമ്മാണക്കരുസങ്കല്പമാണെന്നു ശാസ്ത്രസമ്മതവും പരക്കെ സമ്മതവുമുള്ളതാണ്.

ജഗത്തങ്ങനൊന്നു് ഇതു അനന്ത്പ്രപഞ്ചമിദം ജഗത് വാസ്തവവുമാണ്.

വിശ്വവിലക്ഷണംബ്രഹ്മം
ഏകമേവാ ദ്വിതീയം ബ്രഹ്മഃ
നിശബ്ദം ബ്രഹ്മലക്ഷണം

ഇവകൾ ശാസ്ത്രസമ്മതവും സർവസമ്മതവുമാണ്.
ഈ ക്ഷണമാത്രത്തിൽ ജഗത്തുതോന്നി. സർവ്വദാനില നില്ക്കും ബ്രഹ്മമുള്ളപ്പോൾ ആ നിമിഷംതന്നെ അതനുതു് പ്പ്രപഞ്ചവുമാകം. ഇങ്ങനെ സർവജഗത്തും സർവകാലങ്ങളോടെ മായും. ഇതു് ലോകനിരാകരണംകാട്ടും. ബ്രഹ്മത്തിൻെറ ബോധവും ബ്രഹ്മത്തിൻെറ ശക്തിയാകുംമായാ വിഭ്രാന്തിയും തമ്മിലാണരസ്സൽ,

ആത്മവാനു് അവിദ്യാജഗത്തില്ലായ്കയാൽ

ജഗത്തുണ്ടായപ്പോഠം തന്നെ മാഞ്ഞു. ആകകൊണ്ടു് ആത്മാഭാവമാണു് മായയും ജഗത്തുംമററും.

ആത്മാഭാവം സംഭാവ്യമല്ലാ. ആകയാൽ ജഗത്തീക്ഷണത്തിൽതന്നെ മറയും. ഇതു് വേദാന്തം ജഗത്തിനു ദാനംചെയ്ത അത്ഭുതാലത്ഭുതമായ തത്വമാണു്.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ.

ഇനി മററൊരംശം കൂടി പഠിക്കുക.

താനനുഭവിക്കും ദുഃഖം ലോകമനുഭവിക്കും ദുഃഖം ഇതിനൊക്കെ ശാസ്ത്രത്തിനെന്തു സംഭാവന ചെയ്യാൻകഴിയും. ഇവിടെ ശ്രീരാമചരിതം ശ്രദ്ധേയമാണു്. മാതാപിതാഹീനയായ സീത, മൂന്നു് പെണ്മക്കളുള്ള ഒരു പിതാവിൻെറ വളർത്തുപുത്രി. അച്ഛനാരെന്നോ അമ്മയാരെന്നോ അറിയാൻ സാധിക്കാത്ത ഒരു നിരാധാര. അവഗണിക്കപ്പെട്ട ഭാര്യയുടെ പുത്രൻ എങ്കിലും മൂത്തപുത്രൻ രാജ്യാധികാരി എങ്കിലും രാജ്യഭ്രഷ്ടനാക്കപ്പെട്ടവൻ. ഈ വിധേന ഉള്ള രാമൻെറ ഭാര്യയായവളാണു് സീത. അതിനു സംഭവിച്ചതോ അതിപ്രബലനായ ഒരു രാക്ഷസൻ ഒരധോലോകാധിപതി, എങ്കിലും ശാസ്ത്രനിപുണൻ ബുദ്ധിമാൻ പ്രബലൻ വീരധീരൻ ഇങ്ങനെയുള്ള ഒരുവനാണു് പിടിച്ചുകൊണ്ടുപോയതു്. എന്തുചെയ്താലും ചോദിക്കാൻ ശ്രീരാമലക്ഷ്മണന്മാർ മാത്രം. ശ്രീരാമചന്ദ്രൻ മനഃപ്രയാസവിധേയനായി ഈശ്വരചിന്തയിൽ മുഴുകി ഒരു പർവതത്തിൽ നിലകൊള്ളും വേളയിൽ അഗസ്ത്യമഹർഷി ആഗതനായി വളരെഒക്കെ ഗുണദോഷിച്ചുനോക്കിയെങ്കിലും അല്പംപോലും ഫലിച്ചില്ലെന്നുവേണം പറയാൻ. ഇതിലെ യുക്തിചിന്തനം

ഞാൻ മുമ്പെവിടെയോ പ്രതിപാദിച്ചിട്ടുള്ളതാണ് എ
ങ്കിലും ഈ അവസരത്തിൽ ഒന്നുകൂടി ഓർമ്മപ്പെടുത്തുന്നു.
ആത്മാവിന്ന് ദുഃഖമില്ല ആത്മാവിലൊട്ട് ദുഃഖവുമില്ല
ആത്മാദുഃഖവാഹിയല്ലാ പിന്നെ ജഢദേഹത്തിനും ദുഃഖ
മില്ല പിന്നെന്തിന് എവിടെ ദുഃഖം എന്ന കാഴ്ചപ്പാടിന്
ശ്രീരാമചന്ദ്രൻെറ മറുപടിയും ഗണനീയമാണ്. ആത്
മാവിനോ ജഢദേഹത്തിനോ ദുഃഖമില്ലെന്നുവെന്നാ
കിലും പിന്നാരോ ദുഃഖവാഹിയായുണ്ടെന്നുകാണുന്നു.
അതിന്ന് പരിഹാരം കണ്ടെത്തേണ്ടതുണ്ട്. ഇതിന്നു മറു
പടി ഒരൊഴിഞ്ഞുമാറലായി പലരും ഗ്രഹിക്കുന്നുണ്ട്.
ഈ ലോകത്തിൽ ജീവി അതിശ്രേഷ്ഠനായാൽക്കൂടിയും
മായ ജയിക്കപ്പെട്ടുകാണുന്നില്ല ആകകൊണ്ട് മഹേശ്വ
രനെ ഉപാസിക്കാനുപദേശിച്ചു പിരിഞ്ഞു. അഗസ്ത്യ
നിവിടെ അബദ്ധനാണെന്നു കരുതരുത്. ആത്മാവിന്ന്
ദുഃഖമില്ലെന്നു പറഞ്ഞാൽ സംശയഭാവനയോ വിപ
രീതഭാവനയോ ചെയ്യരുത്. ആത്മാവിന്ന് ദുഃഖമില്ലെ
ന്നിരിക്കേ ആത്മാവിന്ന് ദുഃഖമെങ്ങനെ എവിടെ
കണ്ടെത്തി. 'ആത്മാഹം സർവഭൂതാനാം വിഭു സാക്ഷീ
ന സംശയ' എന്നിരിക്കേ ആത്മാഭാവനവരുത്തി ഭ്രഷ്ടു
ണ്ടാക്കി ഉദ്ദേശസാദ്ധ്യത്തിന്ന് കളമൊരുക്കുന്നു എന്നു
കരുതണം. ആത്മാവിന്ന് ദുഃഖമില്ലെന്നതു് ശ്രുതിസമ്മ
തമെന്നിരിക്കേ അതിൽ സംശയിപ്പതെന്തിന്. ദുഃഖ
മുണ്ടാകയില്ലെന്നുറച്ചുകൊണ്ടാൽ ദുഃഖമുണ്ടാകയില്ലതന്നെ
ഇതിനൊരു ശ്രുതിസമ്മതം പറയാം. ഒരു ദിനം തൻെറ
രാജധാനിക്കഗ്നിബാധയുണ്ടായപ്പോൾ ഇല്ല ഇവിടെ
അഗ്നിബാധയുണ്ടാകയില്ലെന്നു ജനകമഹാരാജാവ് പറ
ഞ്ഞതും അതടങ്ങിയതും പുരാണ സമ്മതമാണ്. ആയ
പോലെ നിസ്സാരമാണ് സീതയെ വീണ്ടെടുക്കലും, ഇതു
പോലെയെത്രയെത്ര ശ്രുതിവചനങ്ങൾ നമുക്കു താങ്ങാ

യിനിൽക്കുന്നു. പ്രഹ്ലാദചരിതം മുഴുവൻ ഉന്നതസമാധി യുടേയും അത്ഭുത ആത്മവൈഭവത്തിൻെറയും അഴി ഞ്ഞാട്ടമല്ലേ. തന്നെ സമുദ്രജലത്തിലെറിഞ്ഞപ്പോൾ ജലമായ് ജലസമാധിയിൽ ലയിച്ച് നശിക്കാതെ നിന്നു് കാട്ടികൊടുത്തില്ലേ. അഗ്നിയിലെറിഞ്ഞപ്പോൾ അഗ്നിയായ് അഗ്നിസമാധിയിൽ ലയിച്ച് ആപത്ത കററിനിന്നുകാട്ടിയില്ലേ. മുകളിൽനിന്നു പറമേലെറി ഞ്ഞിട്ടും ഉടമ്പിനു കേടുവരുത്താതെ ഭൂസമാധിയാൽ രക്ഷപെട്ടനിലകൊണ്ടില്ലേ. ഒടുവിൽ ഇതുകൊണ്ടൊന്നു തൃപ്തനാകാത്ത പിതാവിനെ ഈശ്വരനെ തൂണിലും കാട്ടി ആത്മമുക്തിക്കു കാരണമാക്കി കാട്ടിയില്ലേ. ഇങ്ങ നെന്തെല്ലാമെന്തെല്ലാം ഇങ്ങനെ എല്ലാ സമാധിയുമഭിന യിച്ച ഒരാത്മവാനെവിടുണ്ടു്. ഇതെല്ലാം പ്രസിദ്ധമെ ന്നിരിക്കേ എന്തിനു് ശാസ്ത്രമവിശ്വസിക്കണം. ഇത്രയും പറഞ്ഞതു് ആത്മവാൻ ശരിയായി വിശ്വസിച്ചാൽ അവനുവിധേയമത്രേ സർവവും.

ബാല്ല്യത്തിൽ കുഞ്ഞുങ്ങൾ സ്വപ്നം കണ്ടു് ചില അവസരത്തിൽ ദുഃഖംസഹിക്കാതെ വരുമ്പോൾ കര കയും അതുകേട്ടുണന്നു മാതാപിതാക്കൾ അതിനു് സമാ ധാനംകണ്ടെത്തേണ്ട പ്രയാസം നേരിടേണ്ടതായും വന്നി ട്ടുണ്ടു്. അവൻ ഒരു പക്ഷേ സക്സിലോ മറേറാ കണ്ട പുലിയേ ഓർത്തുപിടിക്കുമെന്നു കരുതികരഞ്ഞതാവാം പക്ഷേ പലപ്പോഴും അവനുണരാതെ തന്നെ ആ രംഗം അവസാനിച്ചെന്നു കാണാറുണ്ടു്. പിറേറന്നുണന്നാൽ അവനോടു ചോദിച്ചാൽ അവൻ സ്വപ്നം കണ്ടതോ കര ഞ്ഞതോ അവനറിയുന്നില്ല. ഈ രീതിയിലുള്ള അവ സ്ഥ ഏവക്കും സുപരിചിതമാണു്. പ്രായമായ ആള

കളും ഭീകരസ്വപ്നങ്ങൾകണ്ടു് ദുഃഖാർത്തരായി ആത്മഹത്യക്ക ശ്രമിച്ച കഥകൾ പുരാണപ്രസിദ്ധമാണ്. പക്ഷേ സ്വപ്നകരത്താത്മഹത്യക്ക മുതിന്ന മനുഷ്യൻ ഉണന്നപ്പോൾ ജാഗ്രത് ബോധവാനായപ്പോൾ എല്ലാം സ്വപ്ന ദൃശ്യം മാത്രമാണെന്ന മനസിലായി ബദ്ധലകന്നതറിയുന്നു.

ദക്ഷിണാമൂർത്തിസ്തോത്രം

'വിശ്വംദർപ്പണദൃശ്യമാനനഗരീ
തുല്ല്യംനിജാന്തർഗതം
പശ്യന്നാത്മനിമായയാബഹിരിവോ
ദ്ഭൂതംയഥാനിദ്രയാ;
യ സാക്ഷാത്കുരുതേ പ്രബോധസമയേ
സ്വാത്മാനമേവാദ്വയം
തസ്മൈ ശ്രീഗുരുമൂർത്തയേനമ ഇദം
ശ്രീദക്ഷിണാമൂർത്തയേ'.

വിശ്വമായറിയപ്പെടുന്നതു് കണ്ണാടിയിൽ കാണും നഗര പ്രതിബിംബസമാനമാണ്. തൻെറ ഉള്ളിലുള്ള മായയിൽ പ്രതിബിംബിച്ചുകാണലാണ് സംഭവിച്ചിരിക്കുന്നതു്. നിദ്രാവേളയിൽ സ്വപ്നത്തിൽ വെളിയിൽ തൻെറ ബോധമായാപ്രകാശത്തിൽ എന്ന പോലെ ജഗത്തു് ദൃശ്യമായി വെളിയിൽ കാണുന്നതായി തോന്നുകയാണ്. എന്നാൽ സാക്ഷാത്ക്കാരവേളയിൽ ബോധോദയാവിർഭാവേ താനാമാത്മാഏകനും അദ്വയനുമാണെന്നുബോധ്യമുറയ്ക്കും- ഇപ്രകാരേണ അറിവരുളും ശ്രീ ദക്ഷിണാമൂർത്തിയായഗുരുനാഥനായികൊണ്ടു്നമസ്കാരം

തീവ്രജിജ്ഞാസു ഇതുകൊണ്ടൊന്നും തൃപ്തനല്ലാ.

അവനറിയേണ്ടതവൻ പറയട്ടേ. ആദിയിൽ അവൻ ബ്രഹ്മമായിരുന്നപ്പോൾ ആത്മാമാത്രമായ് നിന്നിരുന്നപ്പോൾ ജന്മമാരുകൊടുത്തു അയാളാരായിരുന്നു. ബ്രഹ്മബാഹ്യസഞ്ചാരിയോ, ബ്രഹ്മമുലസ്സും രാക്ഷസനോ. ആരുമുണ്ടായിരുന്നില്ല. അവൻ ബ്രഹ്മത്തിനു പുറമില്ലായ്കയാൽ ബ്രഹ്മത്തിന് പുറത്തുപോക സാദ്ധ്യവുമല്ല. അവനു ജന്മമാരും കൊടുത്തില്ല കൊടുക്കാനുമാരുമുണ്ടായിരുന്നില്ല. അവനെ ബ്രഹ്മത്തിൽനിന്നും എങ്ങും മാററി പ്രതിഷ്ഠിച്ചില്ല മാററാനിടവുമില്ലാ. ബ്രഹ്മത്തിൻ പുറംകണ്ടവരുമാരുമില്ലാ. പിന്നാരവനു ജന്മംകൊടുത്തു. ആത്മാ എന്നാൽ 'സ്വ' എന്നാണ്. 'സ്വം' തന്നെ സംബന്ധിച്ചത്. 'ചിൽസൂര്യഘോരാതപമൃഗതൃഷ്ണയാണിജ്ജഗജ്ജാലംമുഴുവനും 'ഘോരഘോരമേ മായാമഹാർണ്ണവം ധീരധീരമേ തീവ്രചൈതന്യവും' സൂര്യനോ അസ്തമിക്കുന്നതില്ലെടോ ഭൂമിയത്രേ കറങ്ങുന്നു സർവദാ, ഇരുട്ടുള്ളതങ്ങറിയേണ്ടയെങ്ങുമേ സൂര്യനങ്ങുപ്രകാശിച്ചുകൊള്ളുവാൻ. ഇങ്ങനങ്ങു നീ തീച്ചയെ ചെയ്തിട്ട് ഉറക്കരുതാനു നിലകൊൾക സർവദാ. ധീരധീരമാണാത്മചൈതന്യമറികെടോ.

ഓം ശാന്തി ശാന്തി ശാന്തി.